بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 5

ലക്കം 3

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജനുവരി 16/ഹി:ശം:1400 ഫതഹ് 16/ഹി:ഖ: 1441 ജമാദുൽ അവ്വൽ 20

### അല്ലാഹുവിന്റെ വചനം

وَمَا كَانَ لِنَبِيٍّ أَنْ يَغُلَّ ۚ وَمَنْ يَغْلُلْ يَأْتِ بِمَا غَلَّ يَوْمَ الْقِيَامَةِ ۚ ثُمَّ تُوَفَّىٰ كُلُّ نَفْسٍ مَا كَسَبَتْ وَهُمْ لَا يُظْلَمُونَ ○

'വഞ്ചിക്കുക എന്നത് ഒരു പ്രവാചകനും ചേർന്നതല്ല. ആരെങ്കിലും വഞ്ചിക്കുന്നതായാൽ വഞ്ചിച്ച് അപഹരിച്ചത് അന്ത്യനാളിൽ അവൻ (ദൈവസന്നിധിയിൽ) കൊണ്ടുവരുന്നതാണ്. പിന്നീട് ഓരോ ആത്മാവിനും അത് സമ്പാദിച്ചത് പൂർണമായും നല്കപ്പെടും. അവരോടു ഒരു അനീതിയും കാണിക്കപ്പെടുന്നതല്ല.'(3:162)

### അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## വിശുദ്ധ ഖുർആനിലെ മറ്റിടങ്ങളിൽ ചിന്തിക്കുമ്പോൾ മനസ്സിലാകുന്നത് നബി(സ)തിരുമേനിയെ അല്ലാഹു 'ഉമ്മി'(നിരക്ഷരൻ) എന്ന് പറഞ്ഞിരിക്കുന്നുവെന്നാണ്.

## അതേ നിരക്ഷരൻ ഗ്രന്ഥവും യുക്തിജ്ഞാനവും മാത്രമല്ല പറഞ്ഞത്. പ്രത്യുത തദ്ക്കിയനഫ്സിന്റെ(ആത്മാവിന്റെ ശുദ്ധീകരണം) വഴികളും പരിചയപ്പെടുത്തി. എത്രത്തോളമെന്നാൽ *അയ്യദഹും ബിറൂഹിൻമ്മിൻഹും*(അൽമുജാദല:23)വരെ എത്തിച്ചു.

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

### നിരക്ഷരനായ പ്രവാചകന്റെ അതുല്യമായ സ്ഥാനം

"നമ്മുടെ നബി(സ)തിരുമേനി മുഴുലോകത്തിലേയും മനുഷ്യരുടെ ആത്മീയ ശിക്ഷണത്തിനുവേണ്ടിയാണ് വന്നിരുന്നത്. അതുകൊണ്ട് ഈ വർണം ഹുദൂർ അലയ്ഹിസ്സലാത്തു വസ്സലാമിൽ സമ്പൂർണമായ നിലയിലുണ്ടായിരുന്നു. വിശുദ്ധ ഖുർആൻ അസംഖ്യം സ്ഥലങ്ങളിൽ ഹുദൂറിനെ(സ) സംബന്ധിച്ച് സാക്ഷ്യം നല്കിയ സ്ഥാനമാണ് അത്.

അല്ലാഹുവിന്റെ സിഫത്തുകൾക്കു മുന്നിൽ അതേ വർണത്തിൽ നബി(സ)തിരുമേനിയുടെ സിഫത്തുകൾ പറഞ്ഞിരിക്കുന്നു. *മാ അർസൽനാക്ക ഇല്ലാ റഹ്‌മത്തൻല്ലിൽ ആലമീൻ*(അമ്പിയാ:108). അപ്രകാരംതന്നെ പറഞ്ഞു: *ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീആ*(അഅ്റാഫ്:159). വിശുദ്ധ ഖുർആനിലെ മറ്റിടങ്ങളിൽ ചിന്തിക്കുമ്പോൾ മനസ്സിലാകുന്നത് നബി(സ)തിരുമേനിയെ അല്ലാഹു 'ഉമ്മി'(നിരക്ഷരൻ) എന്ന് പറഞ്ഞിരിക്കുന്നുവെന്നാണ്. കാരണം അല്ലാഹു അല്ലാതെ മറ്റാരും നബി(സ)തിരുമേനിക്ക് ഉസ്താദുമാരായിട്ടുണ്ടായിരുന്നില്ല. എന്നാൽ, അവിടന്ന് ഉമ്മി ആയിരുന്നു. ഹുദൂറിന്റെ(സ)ദീനിൽ 'ഉമ്മിയ്യൂന' മധ്യനിലയിലുള്ള മനുഷ്യർക്കുപുറമെ ഉന്നത നിലയിലുള്ള തത്ത്വചിന്തകന്മാരേയും മതപണ്ഡിതന്മാരേയുമാക്കി. ഇതുമുഖേന *ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീആ*(അഅ്റാഫ്:159) എന്നതിന്റെ അർഥം അതി സൂക്ഷ്മമായനിലയിൽ മനസ്സിലാക്കാൻ കഴിയും. 'ജമീഅൻ' എന്നതിന് രണ്ട് അർഥമുണ്ട്. ഒന്നാമത്തേത് മുഴുവൻ മനുഷ്യകുലവും. അല്ലെങ്കിൽ സകല സൃഷ്ടികളും. രണ്ടാമത്തേത് എല്ലാ വിഭാഗത്തിലുമുള്ള മനുഷ്യർക്കു വേണ്ടി. അതായത് മധ്യമനിലയിലുള്ളവരും താഴെ തട്ടിലുള്ളവരും ഉന്നതപദവിയിലുള്ള ഫിലോസഫർമാരും എല്ലാ തരത്തിലുള്ള ബുദ്ധിമതികളും. ചുരുക്കത്തിൽ എല്ലാ ബുദ്ധിയുള്ളവർക്കും എല്ലാ സ്വഭാവക്കാർക്കും എന്നോടു ബന്ധം വെക്കാൻ കഴിയും. വുശുദ്ധഖുർആനെ കണ്ട് അത്ഭുതം തോന്നുന്നു. അതേ നിരക്ഷരൻ ഗ്രന്ഥവും യുക്തിജ്ഞാനവും മാത്രമല്ല പറഞ്ഞത്. പ്രത്യുത തദ്ക്കിയനഫ്സിന്റെ (ആത്മാവിന്റെ ശുദ്ധീകരണം) വഴികളും പരിചയപ്പെടുത്തി. എത്രത്തോളമെന്നാൽ *അയ്യദഹും ബിറൂഹിൻമ്മിൻഹും*(അൽമുജാദല:23)വരെ എത്തിച്ചു. നോക്കുക! വളരെ ശക്തമായി നോക്കുക! വിശുദ്ധ ഖുർആൻ എല്ലാതരത്തിലുള്ള അന്വേഷകരേയും തങ്ങളുടെ ഉദ്ദേശ്യങ്ങൾവരെ എത്തിക്കുന്നു. നേർമാർഗത്തിന്റേയും സത്യസന്ധതയുടേയും ദാഹികളെ വയറുനിറയെ കുടിപ്പിക്കുന്നു. പക്ഷേ, ചിന്തിച്ചു നോക്കുക. ഈ യുക്തിജ്ഞാനത്തിന്റേയും ഈശ്വരീയ ജ്ഞാനത്തിന്റേയും നദി, സത്യസന്ധതയുടേയും പ്രകാശത്തിന്റേയും അരുവി ആരുടെമേലാണ് ഇറങ്ങിയത്? ഒരു ഭാഗത്ത് നിരക്ഷരൻ എന്ന് പറയപ്പെടുകയും മറുഭാഗത്ത് ലോകചരിത്രത്തിൽ ഒരിടത്തും കാണാത്തതായ സമ്പൂർണതകളും യാഥാർഥ്യങ്ങളും വായിൽനിന്ന് പുറപ്പെട്ടുവരികയും ചെയ്യുന്ന അതേ മുഹമ്മദ്(സ)യിൽത്തന്നെ. അല്ലാഹുവുമായിട്ടുള്ള ബന്ധങ്ങൾ മനുഷ്യരോടൊപ്പം എത്രത്തോളം ഉണ്ടാകാമെന്ന് ആളുകൾ അനുഭവിച്ചറിയുന്നതിനുവേണ്ടിയുള്ള അല്ലാഹുവിന്റെ തികവുറ്റ കൃപയാണിത്. ഈ വിവരണംകൊണ്ട് നാം ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ ബന്ധങ്ങൾ അതിസൂക്ഷ്മമായ ദർജവരെ എത്തപ്പെടുന്നു. സമീപസ്ഥരുമായ ദൈവത്തിന്റെ ബന്ധം എങ്ങനെയായിത്തീരുന്നുവെന്നാൽ സൃഷ്ടിപൂജകർ അവരെ ദൈവമായി മനസ്സിലാക്കുന്നു.

### മർദാനെ ഖുദാ, ഖുദാ നബാശുൻദ് ലേക്കിൻ സെഖുദാ ജുദാ നബാശുൻദ്

അല്ലാഹു അവനോടൊപ്പം എങ്ങനെയായിത്തീരുന്നുവെന്നാൽ ദുആ ഒന്നുമില്ലാതെ തന്നെ അവനെ സഹായിക്കുന്നു. പറഞ്ഞതിന്റെ ഉദ്ദേശ്യം ഇതാണ്, മനുഷ്യന്റെ ഉന്നതമായ ദർജ(പദവി) ഞാൻ സംസാരം തുടങ്ങിവച്ച അതേ നഫ്സെ മുത്മഇന്ന(ശാന്തിപ്രാപിച്ച ആത്മാവ്) തന്നെയാണ്. അതേ അവസ്ഥയിൽ, മറ്റെല്ലാ അവസ്ഥകളുമായി എങ്ങനെയുള്ള നിർബന്ധ ബന്ധമുണ്ടാകുന്നുവെന്നാൽ സാധാരണ അല്ലാഹുവുമായിട്ടുള്ള ബന്ധത്തെക്കാളുപരി പ്രത്യേക ബന്ധമായിത്തീരുന്നു. അത് നിസാരമോ താഴ്ന്നതോ ആയിരിക്കുകയില്ല. ഉയർന്നതും ഉന്നതവുമായ ബന്ധമായിരിക്കും. പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്, ഈ ശാന്തിയ്ക്ക് 'ഫലാഹ്'(വിജയലബ്ധി) എന്നും 'ഇസ്തിഖാമത്ത്'(സ്ഥിരചിത്തത) എന്നും പറയുന്നു. ഇഹ്ദിനസ്സിറാത്തൽ മുസ്തഖീം (അൽഫാത്തിഹ:6) എന്നതിലും അതിലേക്കുള്ള സൂചനയാണുള്ളത്. ആ വഴിക്കുവേണ്ടി ദുആ ചെയ്യാനാണ് പറഞ്ഞിട്ടുള്ളത്. ഈ ഇസ്തിഖാമത്തിന്റെ വഴി മുൻഅം അലയ്ഹിം ആളുകളുടെ വഴിയാണ്. അല്ലാഹുവിന്റെ കൃപകൾക്കും ആദരവുകൾക്കും പാത്രമാണ്. മുൻഅം അലയ്ഹിംന്റെ വഴി പ്രത്യേകമായ നിലയിൽ വിവരിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം ഇസ്തിഖാമത്തിന്റെ വഴി വിഭിന്നങ്ങളായതാണ്. എന്നാൽ, വിജയത്തിന്റേയും രക്ഷയുടേയും വഴികളുടെ പേരായ ഇസ്തിഖാമത്ത് നബിമാരുടെ വഴികളാണ്. ഇതിൽ മറ്റൊരു സൂചന മനസ്സിലാകുന്നുണ്ട്, അതായത് ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമിൽ ദുആ മനുഷ്യന്റെ നാവ്, മനസ്, കർമത്തിൽനിന്നാണുണ്ടാകുന്നത്. നല്ലവനാകാൻ മനുഷ്യൻ അല്ലാഹുവിനോടു പ്രാർഥിക്കുമ്പോൾ അവന് നാണമുണ്ടാകുന്നു. എന്നാൽ, ഈ ഒരു ദുആ തന്നെയാണ് ആ പ്രയാസങ്ങളെ ദൂരീകരിക്കുന്നത്. *ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ*(അൽഫാത്തിഹ:5) നിന്നെമാത്രം ആരാധിക്കുന്നു. നിന്നോടുമാത്രം സഹായങ്ങൾ തേടുന്നു.

*ഇയ്യാക്ക നസ്തഈൻനെക്കാൾ ഇയ്യാക്ക നഅ്ബുദുവിന്* മുൻതൂക്കം കൊടുത്തിരിക്കുന്നത് മനുഷ്യൻ ദുആയുടെ നേരത്ത് സകലശക്തിയും പ്രയോജനപ്പെടുത്തി അല്ലാഹുവിലേക്ക് വരുന്നു എന്നതുകൊണ്ടാണ്. കഴിവുകൾ പ്രയോഗിക്കാതിരിക്കുകയും പ്രകൃതിനിയമത്തിന്റെ ചട്ടങ്ങളെ പ്രയോജനപ്പെടുത്താതിരിക്കുകയും ചെയ്യുക എന്നത് അനാദരവും അപമര്യാദയുമാണ്. ഉദാഹരണത്താന് കർഷകൻ വിത്തുവിതയ്ക്കുന്നതിനുമുമ്പേ, 'ഇലാഹീ! ഈ വയലിനെ പച്ചപ്പുള്ളതാക്കുകയും ഫലങ്ങളും കായ്കളും പിടിക്കുന്നതാക്കുകയും ചെയ്യേണമേ' എന്ന് പ്രാർഥിക്കുന്നില്ലെങ്കിൽ ഇത് അഹങ്കാരവും പരിഹസിക്കലുമാണ്. അതിനെയാണ് അല്ലാഹുവിന്റെ പരീക്ഷണമെന്നും പരിശോധന എന്നും പറയുന്നത്. അത് വിരോധിക്കുകയും ദൈവത്തെ പരീക്ഷിക്കരുതെന്ന് പറയുകയും ചെയ്തിരിക്കുന്നു. മസീഹ്(അ)ന്റെ ഭക്ഷണത്തളിക ചോദിക്കുന്ന കഥയിൽ ഇക്കാര്യം വ്യക്തമായി വിവരിക്കപ്പെട്ടിരിക്കുന്നു. ഇതിൽ ചിന്തിക്കുക. ആലോചിക്കുക."

**(മൽഫൂദാത്ത് വാല്യം 1, പേജ്, 104-106, 2018 ഖാദിയാൻ)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത
സ്വഹാബി ഹദ്റത്ത് യസീദ് ബിൻ ഥാബിത്, ഹദ്റത്ത് മുഅവ്വിദ് ബിൻ അംറ് ബിൻ ജമൂഹ്,
ഹദ്റത്ത് ബിശർ ബിൻ ബറാഅ് (റളിയല്ലാഹു അൻഹും)തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം

### റസൂൽ(സ)തിരുമേനിയുടെ മാതൃക: മരണപ്പെട്ടവരോടുള്ള ആദരവ്

മുടന്തുണ്ടായിട്ടും ഹദ്റത്ത് അംറ് ബിൻ ജമൂഹിന്റെ യുദ്ധത്തിൽ
പങ്കെടുക്കാനുള്ള ആവേശവും അവിടത്തെ ശഹാദത്തിന്റെ സ്മരണയും

ഉഹുദു യുദ്ധത്തിൽ നിദ്രാമയക്കത്തിന്റെ സംഭവവും ‘അമനത്തൻന്നുആസാ’യുടെ വ്യാഖ്യാനവും

ഒരു യഹൂദ സ്ത്രീ നബി(സ)തിരുമേനിയ്ക്ക് വിഷം കലർത്തിയ ഭക്ഷണം കൊടുത്തതിന്റേയും
അതിനുശേഷവും നബി(സ)തിരുമേനി ആയുസ് മുഴുവൻ ജീവിച്ചതിന്റേയും വിവരണം.

രാജൻപൂരിലെ അലി മുഹമ്മദ് സാഹിബിന്റെ മകൻ നസീർ അഹ്മദ് സാഹിബിന്റേയും ശെയ്ഖ്പുര ജില്ലയിലെ
കിർതൊഎന്ന സ്ഥലത്തെ മിയാ അല്ലാഹ് ദത്താ സാഹിബിന്റെ(ഇപ്പോൾ കനഡ) മകൻ അത്വാവുൽകരീം
മുബശ്ശിർ സാഹിബിന്റേയും മരണവും പരേതാത്മാക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2019 നവംബർ 29/1398 നുബുവ്വത്ത് 29**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ്, മോർഡൻ, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് യസീദ് ബിൻ ഥാബിത്ത്(റ) ഒരു ബദ്രീ സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം അൻസ്വാറിന്റെ ഗോത്രമായ ഖസ്റജിന്റെ ബനൂമാലിക് ബിൻ നജ്ജാർ കുടുംബവുമായിട്ടായിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിന്റെ മൂത്ത സഹോദരനായിരുന്നു ഹദ്റത്ത് യസീദ് ബിൻ ഥാബിത്ത്(റ). (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 2, പേജ് 137, ‘സയ്ദ് ബിൻ ഥാബിത്’, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2008). (ഉസുദുൽ ഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 4, പേജ് 677, ‘യസീദ് ബിൻ ഥാബിത്’, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, ലബ്നാൻ 2008).

ദുബയ്യഹ് ബിൻത് ഥാബിത്തിനെ ഹദ്റത്ത് യസീദുബിൻ ഥാബിത്(റ) വിവാഹം കഴിച്ചു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 254, ‘ഥാബിത് ബിൻ ഖാലിദ്’, ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബേറൂത്ത് 1996).

ബദ്ർ, ഉഹുദ് എന്നീ യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ഹിജ്രി 12ന് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലത്ത് യമാമാ യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. മറ്റൊരു നിവേദനമനുസരിച്ച് യമാമ യുദ്ധദിവസം അദ്ദേഹത്തിന് ഒരു അമ്പേല്ക്കുകയും മടങ്ങി വരുമ്പോൾ വഴിയിൽവച്ച് അദ്ദേഹം വഫാത്താകുകയും ചെയ്തു. (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ് വാള്യം 4, പേജ് 132, ‘യസീദ് ബിൻ ഥാബിത്’, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2002)(കിതാബുഥ്ഥഖാത്ത് ലിഇബ്നി ഹബ്ബാൻ വാള്യം 1, പേജ് 468, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1998)

ഹദ്റത്ത് യസീദ് ബിൻ ഥാബിത്(റ) നിവേദനം: ‘അവർ നബി(സ) തിരുമേനിയുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ജനാസ വന്നു. അതു കണ്ടപ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റു നിന്നു. കൂടെയുണ്ടായിരുന്ന സ്വഹാബിമാരും ക്ഷണത്തിൽ എഴുന്നേല്ക്കുകയും ജനാസ കടന്നുപോകുന്നതുവരെ അവരെല്ലാവരും അവിടെ നില്ക്കുകയും ചെയ്തു. (സുനനുന്നസാഇ, കിതാബുൽജനാഇസ്, ബാബുൽഅംരി ബിൽഖിയാമി ലിൽജനാസത്തി ഹദീഥ് 1920)

ഇതേ സംഭവം മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വിവരിച്ചിട്ടുണ്ട്: ഹദ്റത്ത് യസീദ് ബിൻ ഥാബിത്തിൽനിന്ന് നിവേദനം: അദ്ദേഹം നബി(സ)തിരുമേനിയുടെ അടുത്ത് സ്വഹാബത്തോടൊത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ജനാസ പ്രത്യക്ഷപ്പെട്ടു. നബി(സ)തിരുമേനി അതുകണ്ടപ്പോൾ ഉടനെ എഴുന്നേറ്റുനിന്നു. അവിടത്തെ സ്വഹാബത്തും വേഗം എഴുന്നേല്ക്കുകയും ജനാസ കടന്നുപോകുന്നതുവരെ അവർ അങ്ങനെ നില്ക്കുകയും ചെയ്തു. ഹദ്റത്ത് യസീദ് പറയുന്നു: ‘അല്ലാഹുവാണ! നബി(സ)തിരുമേനിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായതുകൊണ്ടോ സ്ഥലപരിമിതി മൂലമോ ആണ് അവിടന്ന് എഴുന്നേറ്റു നിന്നതെന്ന് ഞാൻ മനസ്സിലാക്കുന്നില്ല. അതേതോ യഹൂദി സ്ത്രീയുടെയോ പുരുഷന്റെയോ ജനാസയായിരുന്നു എന്നാണെനിക്കു തോന്നുന്നത്. ഞങ്ങൾ നബി(സ)തിരുമേനിയോടു എഴുന്നേറ്റു നില്ക്കാനുണ്ടായ കാരണമൊന്നും ചോദിച്ചതുമില്ല. (അൽമുസ്വന്നിഫ് ലിഇബ്നി അബീശയ്ബത്ത മുത്തർജ്ജിം വാള്യം 3, പേജ് 732, കിതാബുൽ ജനാഇസ്, ബാബു മൻ ഖാല യുഖാമു ലിൽജനാസത്തി ഇദാ മർറത്ത് ഹദീഥ് 12030, മക്തബ റഹ്മാനിയ്യ ലാഹോർ)

ഹദ്റത്ത് യസീദ് ബിൻ ഥാബിത്തിൽനിന്നുള്ള മറ്റൊരു നിവേദനമുണ്ട്. ഒരുദിവസം അവർ നബി(സ) തിരുമേനിയോടൊപ്പം പുറപ്പെട്ടു. ഇത് സുനൻ നസാഇയിൽ വന്നിട്ടുള്ളതാണ്. ഹദ്റത്ത് യസീദ് ബിൻ ഥാബിത്ത് പറയുന്നു: നബി(സ) തിരുമേനിയോടൊപ്പം പുറപ്പെട്ടു. അവിടന്ന് ഒരു പുതിയ ഖബ്ർ കണ്ടു.(ഇത് മറ്റൊരു സംഭവമാണ്. മറ്റൊരു സംഭവം വിവരിക്കപ്പെടുകയാണ്). അവിടന്ന് ചോദിച്ചു: ഇതാരുടെ ഖബ്റാണ്? അത് ഇന്ന ഗോത്രത്തിലെ അടിമ സ്ത്രീയുടെ ഖബറാണെന്ന് ആളുകൾ പറഞ്ഞു. നബി(സ) തിരുമേനിക്ക് അവരെ മനസ്സിലായി. സ്വഹാബിമാർ പറഞ്ഞു: അവർ ഉച്ചയ്ക്ക് വഫാത്തായി. ആ സമയത്ത് അങ്ങ് മയങ്ങുകയായിരുന്നു. വിശ്രമിക്കുന്ന നേരമായതുകൊണ്ട് അങ്ങയെ വിളിച്ചുണർത്തുന്നത് ഞങ്ങളിഷ്ടപ്പെട്ടില്ല. അപ്പോൾ നബി(സ)തിരുമേനി അവിടെ നിൽക്കുകയും ആളുകളെ പിന്നിൽ അണിയായി നിറുത്തുകയും ചെയ്തു. തുടർന്ന് അവിടന്ന് നാലു തക്ബീറുകൾ ചൊല്ലി. അതായത് ഖബ്റിന്നടുത്തു വച്ചുതന്നെ സ്വഫ് ഉണ്ടാക്കി ജനാസ നമസ്കരിപ്പിച്ചു. അതിനുശേഷം പറഞ്ഞു: ‘ഞാൻ നിങ്ങളുടെ ഇടയിലുള്ള കാലത്ത് നിങ്ങളിൽനിന്ന് ആര് മരണപ്പെട്ടാലും തീർച്ചയായും എന്നെ അറിയിക്കുക. എന്തെന്നാൽ എന്റെ ദുആ അവർക്കു കാരുണ്യമായിരിക്കും.’(സുനനുന്നസാഇ കിതാബുൽ ജനാഇസ്, ബാബുസ്സ്വലാത്തു അലൽ ഖബ്രി, ഹദീഥ് 2022)

ഇപ്രകാരം ഈ നിവേദനം മുസ്‌ലിമിലും സുനൻ അബൂദാവൂദിലും ഇബ്നുമാജയിലുമുണ്ട്. ഇബ്നുമാജയിൽ വിശദീകരിച്ചുകൊടുത്തിട്ടുണ്ട്. ഹദ്റത്ത് യസീദ് ബിൻ ഥാബിത്ത് വിവരിച്ചു. അദ്ദേഹം സയ്ദിനെക്കാൾ മൂത്തതായിരുന്നു. ‘ഞങ്ങൾ നബി(സ) തിരുമേനിയോടൊപ്പം പുറപ്പെട്ടു. അവിടന്ന് ‘ജന്നത്തുൽ ബഖീയി’ൽ എത്തിയപ്പോൾ അവിടെ ഒരു പുതിയ ഖബ്ർ കണ്ടു. അതിനെ സംബന്ധിച്ച് അവിടന്ന് അന്വേഷിച്ചു. അവർ പറഞ്ഞു: ‘ഇത് ഇന്ന സ്ത്രീയുടെ ഖബ്റാണ്.’ നിവേദകൻ പ

റയുന്നു: ‘നബി(സ)തിരുമേനി അവരെ തിരിച്ചറിഞ്ഞു.’ എന്തുകൊണ്ടാണ് നിങ്ങളെന്നെ വിവരം അറിയിക്കാതിരുന്നതെന്ന് അവിടന്ന് ചോദിച്ചു. അവർ പറഞ്ഞു: ‘അങ്ങ് ഉച്ചകഴിഞ്ഞ് വിശ്രമിക്കുകയായിരുന്നു. അങ്ങയ്ക്ക് നോമ്പുമുണ്ടായിരുന്നു. അങ്ങയെ ബുദ്ധിമുട്ടിക്കുന്നത് ഞങ്ങളിഷ്ടപ്പെട്ടില്ല.’ അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ‘ഞാനറിയാതെ കാര്യങ്ങൾ ചെയ്യരുത്. അതായത് ഞാനൊരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല. നിങ്ങളിൽ ആര് മരണപ്പെട്ടാലും ഞാൻ നിങ്ങളിലുള്ളിടത്തോളം എന്നെ അതറിയിക്കേണ്ടതാണ്. കാരണം അയാൾക്ക് എന്റെ ദുആ കാരുണ്യത്തിന് നിമിത്തമാണ്.’ പിന്നീട് നബി(സ) തിരുമേനി ആ ഖബ്റിന്റെ അടുത്തുപോയി. ഞങ്ങൾ നബി(സ) തിരുമേനിയുടെ പിന്നിൽ അണിനിരന്നു. അവിടന്ന് നാല് തക്ബീർ ചൊല്ലി. (സുനൻ ഇബ്നുമാജ, കിതാബുൽ ജനാഇസ്, ബാബു മാ ജാഅ ഫിസ്സ്വലാത്തി അലൽ ഖബ്‌രി, ഹദീഥ് 1528)

സ്വഹീഹ് ബുഖാരിയിലെ ഒരു നിവേദനമുണ്ട്. അത് ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്തതാണ്. കറുത്തവർഗക്കാരിയെ സംബന്ധിച്ച നിവേദനമാണിത്. ഇത് ഖബ്റിൽ ജനാസ നമസ്കരിക്കുന്നതിനെ സംബന്ധിച്ചുള്ളതാണ്. അതിൽ ഈ വിവരണമാണുള്ളത്. അവർ മസ്ജിദ് നബ്‌വിയിൽ അടിച്ചുവാരുമായിരുന്നു. അവർ വഫാത്തായി. കുറച്ചു ദിവസമായി അവരെ കാണാത്തപ്പോൾ നബി(സ) തിരുമേനി അവരെ സംബന്ധിച്ച് ചോദിച്ചു. അവർ മരിച്ചുവെന്ന് ആളുകൾ പറഞ്ഞു. അവിടന്ന് പറഞ്ഞു: ‘നിങ്ങൾ എന്തുകൊണ്ട് എന്നെ അറിയിച്ചില്ല? എവിടെയാണ് അവരുടെ ഖബ്റെന്ന് പറയുക.’ അങ്ങനെ അവിടന്ന് അവരുടെ ഖബ്റിങ്കൽ പോയി. അവരുടെ ജനാസ നമസ്കരിച്ചു. (സ്വഹീഹുൽ ബുഖാരി കിതാബുസ്സ്വലാത്ത്, ഹദീഥ് 458–460)

സുനൻ ഇബ്നുമാജയുടെ ശറഹ് ഇൻജാസുൽ ഹാജയുടെ കർത്താവ് എഴുതുന്നു: ‘ഇവർ ഒരു കറുത്തവർഗക്കാരിയായിരുന്നു. ഇവരുടെ പേര് ഇമാം ബയ്ഹഖി ‘ഉമ്മു മുഹിജൻ’ എന്നെഴുതിയിരിക്കുന്നു. ഇബ്നു മൻദ അവരുടെ പേര് ‘ഖർഖാഅ്’ എന്ന് പറഞ്ഞിരിക്കുന്നു. സ്വഹാബിയ്യാത്തിൽ അവരെ ഉൾപ്പെടുത്തിയിരുന്നു. അവരുടെ പേര് ‘ഖർഖാഅ്’ എന്നാകാനും സാധ്യതയുണ്ട്. ‘ഉമ്മു മുഹിജൻ’ എന്നത് അവരുടെ സംജ്ഞാ നാമമാകാം. അതായത് രണ്ടുപേരും ശരിതന്നെയാണ്. (ഇൻജാസുൽഹാജ, ശറഹ് സുനൻ ഇബ്നുമാജ, വാല്യം 4, പേജ് 332, കിതാബുൽ ജനാഇസ്, ഹദീഥ് 1527, ദാറുന്നൂർ ഇസ്‌ലാമാബാദ് 2011)

അടുത്ത സ്വഹാബിയുടെ പേരാണ് ഹദ്റത്ത് മുഅവ്വിദ് ബിൻ അംറ് ബിൻ ജമൂഹ്. ഹദ്റത്ത് മുഅവ്വിദിന്റെ ബന്ധം അൻസ്വാറിന്റെ ഗോത്രം ഖസ്റജിന്റെ കുടുംബമായ ബനൂജുശമുമായിട്ടായിരുന്നു.(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 470, അൽഅൻസ്വാറു വമിൻ മഅഹും, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001).

ഹദ്റത്ത് മുഅവ്വിദിന്റെ പിതാവിന്റെ പേര് ജമൂഹ് എന്നും മാതാവിന്റെ പേര് ഹിന്ദ് ബിൻത് അംറ് എന്നുമായിരുന്നു. ഹദ്റത്ത് മുഅവ്വിദ് ബിൻ അംറ് ബിൻ ജമൂഹ് തന്റെ രണ്ടു സഹോദരന്മാരായ ഹദ്റത്ത് മുആദിന്റെയും ഹദ്റത്ത് ഖല്ലാദിന്റെയും കൂടെ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അതുകൂടാതെ ഇദ്ദേഹം ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 426–427, വ അഖൂഹു മുഅവ്വിദ് ബിൻ അംറ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2012)

മുടന്തു കാരണം തന്റെ മക്കൾ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ അനുവദിക്കാതിരുന്ന ഹദ്റത്ത് അംറ് ബിൻ ജമൂഹ് തന്നെയായിരുന്നു മുഅവ്വിദിന്റെ പിതാവ്. അതിനെ കുറിച്ച് ഞാൻ മുമ്പേയും ഒരിക്കൽ ഖുത്ബയിൽ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഹ്രസ്വമായി വീണ്ടും പറയുകയാണ്. ഉഹുദ് യുദ്ധത്തിന്റെ അവസരം വന്നപ്പോൾ ഹദ്റത്ത് അംറ് ബിൻ ജമൂഹ് തന്റെ മക്കളോടു പറഞ്ഞു: ‘ബദ്റിൽ പങ്കെടുക്കാൻ നിങ്ങളെന്നെ അനുവദിച്ചില്ല. ഇപ്പോൾ ഞാൻ തീർച്ചയായും പോകുന്നതാണ്. നിങ്ങൾക്കെന്നെ തടയാൻ സാധിക്കില്ല.’ താങ്കളുടെ കാല് അശക്തമാണെന്നും താങ്കൾക്ക് യുദ്ധം നിർബന്ധമല്ലെന്നും മക്കൾ പല പ്രാവശ്യം അദ്ദേഹത്തോടു പറഞ്ഞു. എന്നാൽ, ഹദ്റത്ത് അംറ് ബിൻ ജമൂഹ് അതിനു സമ്മതിച്ചില്ല. അങ്ങനെ അദ്ദേഹം നബി(സ) തിരുമേനിയുടെ മുന്നിൽ ഹാജരായിക്കൊണ്ട് പറഞ്ഞു: ‘യാ റസൂലല്ലാഹ്! എന്റെ മക്കൾ എന്റെയീ കാലിന്റെ പ്രശ്നം കാരണം യുദ്ധത്തിൽ പങ്കെടുക്കുന്നതിൽനിന്ന് എന്നെ തടയുകയാണ്. എനിക്ക് താങ്കളോടൊപ്പം ജിഹാദിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ട്.’ നബി(സ) തിരുമേനിയും അതുതന്നെ പറഞ്ഞു. അതായത്, അല്ലാഹു താങ്കൾക്ക് ഇളവ് തന്നിരിക്കെ താങ്കൾക്ക് ജിഹാദ് നിർബന്ധമാകുന്നില്ല. പിന്നീട് അദ്ദേഹത്തിന്റെ ആവേശവും ആഗ്രഹവും കണ്ടപ്പോൾ അനുവാദം നൽകുകയും ചെയ്തു. ഹദ്റത്ത് അംറ് ബിൻ ജമൂഹ് തന്റെ യുദ്ധസാമഗ്രികളെടുത്ത് ‘അല്ലാഹുവേ! നീ എനിക്കു ശഹാദത്തു നൽകേണമേ, എന്നെ പരാജിതനായ അവസ്ഥയിൽ എന്റെ കുടുംബത്തിലേക്കു തിരിച്ചയക്കരുതേ’ എന്ന് പറഞ്ഞുകൊണ്ട് പുറപ്പെട്ടു. പിന്നീട് യഥാർഥത്തിൽ അദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തിയായി. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. അദ്ദേഹത്തിന്റെ ശഹാദത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഹിന്ദ് അദ്ദേഹത്തേയും തന്റെ സഹോദരൻ അബ്ദുല്ലാഹ് ബിൻ അംറിനേയും ഒരു യാത്രാവാഹനത്തിൽവച്ചു. അവരിരുവരേയും ഒരേയൊരു ഖബ്റിൽ മറയടക്കി. നബി(സ)തിരുമേനി പറഞ്ഞു: ‘ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഞാൻ അംറിനെ സ്വർഗത്തിൽ മുടന്തി നടക്കുന്നതായി കണ്ടു.’(ഉസദുൽഗാബ, വാല്യം 4 പേജ് 195–196, അംറ് ബിൻ അൽജമൂഹ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008)

അടുത്തതായി പറയാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ബിശർ ബിൻ ബറാഅ് ബിൻ മഅ്റൂർ എന്നാണ്. അൻസ്വാറിന്റെ ഗോത്രമായ ഖസ്റജിന്റെ കുടുംബം ബനൂ ഉബയ്ദ് ബി ൻ അദിയ്യുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. മറ്റൊരു അഭിപ്രായപ്രകാരം ബനൂ സലമയുമായിട്ടായിരുന്നു. (അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 471, അൽഅൻസ്വാറു വമിൻ മഅഹും, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001). (ഉസദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലിഇബ്നി അഥീർ, വാല്യം 1 പേജ് 380, ബിശർ ബിൻ അൽബറാഅ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

രണ്ടു വിവിധ നിവേദനം വിവരിക്കപ്പെടുന്നുണ്ട്.

ഹദ്റത്ത് ബിശറിന്റെ പിതാവിന്റെ പേര് ഹദ്റത്ത് ബറാഅ് ബിൻ മഅ്റൂർ എന്നും അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഖുലയ്ദാ ബിൻത് ഖയ്സ് എന്നുമായിരുന്നു.(അത്ത്വബക്കാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 291, ബിശർ ബിൻ അൽബറാഅ്, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി 1996)

ഹദ്റത്ത് ബിശറിന്റെ പിതാവ് ഹദ്റത്ത് ബറാഅ് ബിൻ മഅ്റൂർ നിശ്ചിത 12 നഖീബുമാരിൽപ്പെട്ടയാളും ബനൂ സലമാ ഗോത്രത്തിന്റെ നഖീബു(നേതാവു)മായിരുന്നു. ഹദ്റത്ത് ബറാഅ് ഹിജ്റത്തിന് ഒരു മാസംമുമ്പേ യാത്രാവസ്ഥയിൽ വഫാത്തായി. നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ അവിടന്ന് അദ്ദേഹത്തിന്റെ ഖബ്റിന്നടുത്തുപോയി നാലു തക്ബീർ ചൊല്ലി.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലിഇബ്നി അഥീർ വാല്യം 1, പേജ് 365–366, അൽബറാഅ് ബിൻ മഅ്റൂർ, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2008)

ഹദ്റത്ത് ബിശർ അദ്ദേഹത്തിന്റെ പിതാവിനോടൊപ്പം രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. നബി(സ) തിരുമേനിയുടെ പ്രഗത്ഭരായ വില്ലാളിവീരന്മാരിൽ ഒരാളുമായിരുന്നു അദ്ദേഹം. നബി(സ)തിരുമേനി ഹദ്റത്ത് ബിശറിനേയും മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു വന്നിരുന്ന ഹദ്റത്ത് വാഖിദ് ബിൻ അബ്ദുല്ലായേയും സഹോദരന്മാരാക്കിയിരുന്നു. ഹദ്റത്ത് ബിശർ ബദ്ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിലും ഹുദയ്ബിയായിലും ഖയ്ബറിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 1, പേജ് 426, ബിശർ ബിൻ അൽബറാഅ്,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005) (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 291, ബിശർ ബിൻ അൽബറാഅ്, ദാറു അഹ്‌യാഉത്തുറാഥ് അൽഅറബി 1996)

അബ്ദുറഹ്മാൻ ബിൻ അബ്ദുല്ലാഹ് നിവേദനം: നബി(സ)തിരുമേനി ചോദിച്ചു: ‘അല്ലയോ നല്ലാ സമൂഹമേ! (ചില നിവേദനങ്ങളിൽ ബനൂ സലമാ എന്ന് എഴുതിയിരിക്കുന്നു) നിങ്ങളുടെ നേതാവ് ആരാണ്?’ അവർ പറഞ്ഞു: ‘ഹദ്റത്ത് ജദ്ദ് ബിൻ ഖയ്സാണ്.’ അവിടന്ന് ചോദിച്ചു: ‘എന്തിന്റെ അടിസ്ഥാനത്തിലാണ് അയാളെ നിങ്ങൾ നേതാവാക്കിയത്?’ അവർ പറഞ്ഞു: ‘അയാൾ ഞങ്ങളെക്കാളധികം ധനികനാണ്. വലിയ സമ്പന്നനാണ്. വലിയ ആളാണ്. അതുകൊണ്ട് ഞങ്ങൾ അയാളെ നേതാവാക്കി.’ അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു: ‘വെറും പിശുക്ക് കാരണത്താൽ ഞങ്ങൾ

‘മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.’
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

“വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.”
(ജുമുഅ ഖുത്ബ 25–7–2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

അയാളെ ചീത്തയായി മനസ്സിലാക്കുന്നു. അയാൾ വലിയ പിശുക്കനാണ്. ലുബ്ധനാണ്. അയാളുടെ ഇക്കാര്യം ഞങ്ങൾക്കിഷ്ടമല്ല.' നബി(സ)തിരുമേനി പറഞ്ഞു: 'ലുബ്ധിനെക്കാൾ വലിയ രോഗം മറ്റെന്താണ്? ഈ ലുബ്ധനാകുക എന്നത് വളരെ വലിയ രോഗമാണ്. അയാൾ നിങ്ങളുടെ നേതാവല്ല. നിങ്ങളുടെ നേതാവാകുകയുമില്ല.' അവർ പറഞ്ഞു: 'യാ റസൂലല്ലാഹ്! പിന്നെ ഞങ്ങളുടെ നേതാവ് ആരാണെന്ന് അങ്ങുതന്നെ പറഞ്ഞു തന്നാലും.' അവിടന്ന് പറഞ്ഞു: 'ബിശർ ബിൻ ബറാഅ് ബിൻ മഅ്റൂർ ആണ് നിങ്ങളുടെ നേതാവ്.' ഈ സ്വഹാബിയെ കുറിച്ചാണ് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തെ കുറിച്ച് പറഞ്ഞു, 'ഇദ്ദേഹമാണ് നിങ്ങളുടെ നേതാവ്.' മറ്റൊരു നിവേദനത്തിലുള്ള വാക്കുകൾ ഇപ്രകാരമാണ്. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളുടെ നേതാവ് വെളുത്തനിറക്കാരനാണ്. ചുരുണ്ട മുടിക്കാരനാണ്. ബിശർ ബിൻ ബറാഅ് ബിൻ മഅ്റൂറാണ്.' (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 1, പേജ് 426–427, ബിശർ ബിൻ അൽബറാഅ്,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005)(അത്ത്വബക്കാത്തുൽകുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 291, ബിശർ ബിൻ അൽബറാഅ്, ദാറു അഹ്യാഉത്തുറാഥ് അൽഅറബി 1996)

ഹദ്റത്ത് ഖുബയ്സ ബിൻത് സ്വഫീയെ ഹദ്റത്ത് ബിശർ ബിൻ ബറാഅ്(റ) വിവാഹം ചെയ്തു. അതിൽ അദ്ദേഹത്തിന് മകളുണ്ടായി. അവരുടെ പേര് ആലിയാ എന്നാണ്. ഹദ്റത്ത് ഖുബയ്സ ഇസ്‌ലാം സ്വീകരിച്ചു. നബി(സ)തിരുമേനിക്ക് ബയ്അത്തും ചെയ്തു.(അത്ത്വബക്കാത്തുൽകുബ്റാ, ഭാഗം 8, പേജ് 435, ഖുബയ്സ ബിൻത് സ്വഫീ(റ), ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഹദ്റത്ത് ഇബ്നു അബ്ബാസിൽനിന്ന് നിവേദനം: നബി(സ)തിരുമേനി നിയോഗിതനാകുന്നതിനു മുമ്പേ യഹൂദികൾ, ഔസിനെയും ഖസ്റജിനെയും നേരിടുമ്പോൾ നബി(സ) തിരുമേനിയെ മധ്യവർത്തിയാക്കിക്കൊണ്ട് വിജയത്തിന് പ്രാർഥിക്കുമായിരുന്നു. അതായത് പരസ്പരം ഏറ്റുമുട്ടുമ്പോൾ ഇങ്ങനെ പ്രാർഥിക്കുമായിരുന്നു: 'പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ നിയോഗിതനാകാൻ പോകുന്ന ആ പ്രവാചകന്റെ നാമത്തിൽ ഞങ്ങൾക്ക് വിജയം നൽകേണമേ.' എന്നാൽ, അല്ലാഹു അറബികളിൽനിന്ന് നബി(സ) തിരുമേനിയെ നിയോഗിച്ചയച്ചപ്പോൾ അക്കൂട്ടർ തന്നെ അദ്ദേഹത്തെ നിഷേധിച്ചു അവർ പറയാറുണ്ടായിരുന്ന കാര്യങ്ങൾ നിഷേധിക്കുന്നവരായി മാറി. നിഷേധിക്കുന്നവരുടെ മാർഗം എപ്പോഴും ഇങ്ങനെത്തന്നെയാണ്. ഹദ്റത്ത് മുആദ് ബിൻ ജബലും, ഹദ്റത്ത് ബിശർ ബിൻ ബറാഉം, ഹദ്റത്ത് ദാവൂദു ബിൻ സലമായും ഒരു ദിവസം അവരോടു പറഞ്ഞു: 'യഹൂദികളുടെ സംഘമേ! അല്ലാഹുവിനെ ഭയപ്പെടൂ, ഇസ്‌ലാം സ്വീകരിക്കൂ. മുമ്പേ നിങ്ങൾ ഞങ്ങൾക്കെതിരെ വിജയം കരസ്ഥമാകാൻ ആഗതനാകാൻ പോകുന്ന മുഹമ്മദ് എന്നു പേരായ പ്രവാചകന്റെ പേരിൽ പ്രാർഥിച്ചിരുന്നുവല്ലോ.' ഹദ്റത്ത് ബിശർ ബിൻ ബറാഅ് പറഞ്ഞു, 'ഞങ്ങൾ അന്യാരാധകരിൽപ്പെട്ടവരായിരുന്നു. ആ പ്രവാചകൻ നിയോഗിതനാകാൻ പോകുന്ന കാലം വന്നെത്തിയിരിക്കുന്നുവെന്ന് നിങ്ങൾ ഞങ്ങളോടു പറയാറുണ്ടായിരുന്നു. ഇന്ന ഇന്ന അടയാളങ്ങൾ ഉണ്ടാകുമെന്നും നിങ്ങൾ പറഞ്ഞിരുന്നു. ആ പ്രവാചകൻ ഇപ്പോൾ നിയോഗിതനായപ്പോൾ അദ്ദേഹത്തിൽ എന്തുകൊണ്ട് നിങ്ങൾ വിശ്വസിക്കുന്നില്ല?' അപ്പോൾ ബനൂനദീർ ഗോത്രത്തിൽപ്പെട്ട സല്ലാം ബിൻ മിശ്കം യഹൂദി പറഞ്ഞു: (സല്ലാം ബിൻ മിശ്കം യഹൂദി ഗോത്രമായ ബനൂനദീറിന്റെ നേതാവും അവരുടെ ഖജനാവ് സൂക്ഷിപ്പുകാരനുമായിരുന്നു. ഖയ്ബർ യുദ്ധാവസരത്തിൽ നബി(സ) തിരുമേനിക്ക് വിഷംകലർത്തിയ മാംസം നൽകിയ സയ്നബ് ബിൻത് ഹാരിഥ് എന്ന സ്ത്രീയുടെ ഭർത്താവുമായിരുന്നു) ആ പ്രവാചകൻ ഞങ്ങൾക്കു തിരിച്ചറിയാനായി ഒന്നും ഞങ്ങളുടെയടുക്കൽ കൊണ്ടു വന്നിട്ടില്ല. മാത്രമല്ല ഞങ്ങൾ നിങ്ങളോടു പറഞ്ഞിരുന്ന ആ പ്രവാചകൻ ഇദ്ദേഹമല്ല. ഞങ്ങൾ പറഞ്ഞ മുഴുവൻ അടയാളങ്ങളും പുലർന്നിട്ടില്ല. അതുകൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നില്ല.' അപ്പോൾ അല്ലാഹു ഈ ആയത്ത് ഇറക്കി: *വലമ്മാ ജാഅഹും കിതാബുൻ മിൻ ഇൻദില്ലാഹി മുസ്വദ്ദിഖുൻ ല്ലിമാ മഅഹും വ കാനൂ മിൻഖബ്‌ലു യസ്തഫ്തിഹൂന അലല്ലദീന കഫറൂ ഫലമ്മാ ജാഅഹും മ്മാ അറഫൂ കഫറൂ ബിഹീ പ ലഅ്നത്തുല്ലാഹി അലൽ കാഫിരീന*(2:90)അവരുടെ അടുക്കലുള്ള(ഗ്രന്ഥത്തിലെ പ്രവചനങ്ങൾ)സത്യമാണെന്നു സ്ഥാപിക്കുന്ന ഒരു ഗ്രന്ഥം അല്ലാഹുവിൽനിന്ന് അവർക്കു വന്നു കിട്ടിയപ്പോൾ–അതിനുമുമ്പേ അവിശ്വാസികൾക്കെതിരെ വിജയസിദ്ധിക്കായി അവർ പ്രാർഥിക്കാറുണ്ടായിരുന്നു– അങ്ങനെ അവർ അറിഞ്ഞിരുന്ന ഒരു സത്യം (ഖുർആൻ) അവർക്കു വന്നുകിട്ടിയപ്പോൾ, അവർ അതിനെ നിരാകരിക്കുകയാണുണ്ടായത്. അതിനാൽ ആ നിഷേധികൾക്ക് അല്ലാഹുവിന്റെ ശാപം!(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 381, മാ നസല മിനൽ ബഖറത്തി ഫിൽമുനാഫിഖീന വ യഹൂദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം പേജ് 512, ഗസ്‌വത്തു സുവയ്ഖ്, പേജ് 698, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)(അർറൗളുൽ അൻഫ് ഫീ ശറഹിസ്സീറത്തിന്നബവിയ്യ ലിഇബ്നി ഹിശാം വാള്യം 2, പേജ് 325, ബാബു കാഹിനത്തു ഖുറയ്ശിൻ, മക്തബ ഇബ്നുതീമിയ്യ 1990)

ഹദ്റത്ത് സുബയ്ർ ബിൻ അവാം(റ) വിവരിക്കുന്നു: ഉഹുദ് യുദ്ധത്തിന്റെ ദിശ മാറിയപ്പോൾ ഞാനെന്നെ നബി(സ) തിരുമേനിയുടെ സമീപത്ത് കണ്ടു. ഞങ്ങളെല്ലാവരും സ്തബ്ധരും ഭയമുള്ളവരുമായപ്പോൾ ഞങ്ങളിൽ ഉറക്കം ഇറക്കപ്പെട്ടു. നിദ്രാമയക്കത്തിന്റെ അവസ്ഥ ഉണ്ടായതുപോലെ തോന്നി. താടി നെഞ്ചിനോടു ചേർന്നവരായിട്ടല്ലാതെ ഞങ്ങളിൽ ആരും ഉണ്ടായിരുന്നില്ല.' അതായത് ഉറക്കം തൂങ്ങി കഴുത്ത് താഴേക്ക് കിടന്നു. അദ്ദേഹം പറയുന്നു: 'അല്ലാഹുവാണ! മുഅത്തിബ് ബിൻ ഖുശയ്റിന്റെ ശബ്ദം സ്വപ്നത്തിൽ കേട്ടുകൊണ്ടിരിക്കുന്നതുപോലെ തോന്നി. അദ്ദേഹം പറയുകയായിരുന്നു. 'നമുക്ക് തീരുമാനമെടുക്കാൻ അധികാരമുണ്ടായിരുന്നെങ്കിൽ നമ്മൾ ഒരിക്കലും ഇവിടെ ഇങ്ങനെ വധിക്കപ്പെടുമായിരുന്നില്ല.' മുഅത്തിബ് ബിൻ ഖുശയ്ർ അൻസ്വാരി സ്വഹാബിയായിരുന്നു. അഖബ ബയ്അത്തിലും ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഞാൻ അദ്ദേഹം പറഞ്ഞത് ഹൃദിസ്തമാക്കി; ആ സ്വപ്നാവസ്ഥയിൽ കേട്ടത്. ആ അവസരത്തെ സംബന്ധിച്ച് അല്ലാഹു ഈ ആയത്ത് ഇറക്കി.

*ഥുമ്മ അൻസല അലയ്ക്കും മ്മിൻബഅ്ദിൽ ഗമ്മി അമനത്തൻ ന്നുആസൻ യ്യഗ്ശാ ത്വാഇഫത്തൻമ്മിൻകും വ ത്വാഇഫത്തുൻ ഖദ് അഹമ്മത്ത്ഹും അൻഫുസുഹും യളുന്നൂന ബില്ലാഹി ഗയ്റൽഹഖ്ഖി ള്വന്നൽജാഹിലിയ്യത്തി യഖൂലൂന ഹൽല്ലനാ മിനൽഅംരി മിൻശയ്ഇൻ ഖുൽ ഇന്നൽ അംറ കുല്ലഹൂ ലില്ലാഹി* (3:155)

പിന്നീട് ദുഃഖത്തിനുശേഷം അവൻ നിങ്ങൾക്ക് മനഃസമാധാനം ഇറക്കിത്തന്നു. അതായത് നിങ്ങളിൽനിന്ന് ഒരു സംഘത്തെ ആവരണം ചെയ്യുന്ന ഒരു നിദ്രാമയക്കം. (തദവസരത്തിൽ) മറ്റൊരു സംഘമാകട്ടെ, അവരുടെ ആത്മാക്കൾ തങ്ങളെത്തന്നെ ഉത്കണ്ഠാകുലരാക്കി. അല്ലാഹുവിനെ സംബന്ധിച്ച് അജ്ഞാതകാലത്തെ ധാരണകൾപോലെ അവർ തെറ്റായ ധാരണകൾ വെച്ചുപുലർത്തുകയായിരുന്നു. ഈ കാര്യത്തിൽ നമുക്ക് എന്തെങ്കിലും പറയാൻ (അവസരം) ഉണ്ടോ (എന്ന്) അവർ ചോദിക്കുന്നു. പറയുക: 'തീർച്ചയായും ഈ കാര്യം മുഴുവനും (കാര്യത്തിന്റെ തീരുമാനം) അല്ലാഹുവിനുള്ളതാണ്.'

ഹദ്റത്ത് കഅബ് ബിൻ അംറ് അൻസ്വാരി വിവരിക്കുന്നു: 'ഉഹുദ് യുദ്ധ ദിവസം ഒരു സന്ദർഭത്തിൽ ഞാനെന്റെ ഗോത്രത്തിലെ പതിനാല് പേരോടൊപ്പം നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. അപ്പോൾ ഞങ്ങളിൽ ഒരു നിദ്രാമയക്കമുണ്ടായി. അത് സമാധാനമെന്ന നിലയിലായിരുന്നു. അതായത് വളരെ സമാധാനപരമായ ഒരു മയക്കമായിരുന്നു. യുദ്ധാവസ്ഥയായിരുന്നിട്ടും പക്ഷേ, അത് ഞങ്ങൾക്ക് സമാധാനം പ്രദാനം ചെയ്യുന്ന നിദ്രാമയക്കമായിരുന്നു. തീ ഊതുന്ന കുഴലിൽ നിന്നുള്ള ശബ്ദം പോലെ കൂർക്കംവലിയുടെ ശബ്ദം പുറത്തുവരാത്തവരായി ആരും ഉണ്ടായിരുന്നില്ല. ചിലപ്പോൾ അത്തരം അഗാധമായി അവസ്ഥയും ഉണ്ടായിരുന്നു.' അദ്ദേഹം പറയുന്നു: 'ബിശർ ബി ൻ ബറാഅ് ബിൻ മഅ്റൂറിന്റെ കൈയിൽനിന്ന് വാൾ വഴുതിവീഴുന്നത് ഞാൻ കണ്ടു. വാൾ വീഴുന്നത് അദ്ദേഹം അറിയുന്നതുപോലുമില്ല. വാസസ്തവത്തിൽ അന്യാരാധകർ ഞങ്ങളുടെമേൽ കയറി വരുകയായിരുന്നു.'(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 310, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്, 2002)(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 4 പേജ് 432, മഅതബ് ബിൻ ഖുശയ്ർ, ദാറുൽ ഫിക്ർ ബേറൂത്ത് 2003)

എന്തായാലും അദ്ദേഹത്തിന് വീണുവെന്ന് തോന്നിയിട്ടുണ്ടാകും. എന്തുകൊണ്ടെന്നാൽ ആ നേരത്ത് അത്തരം അവസ്ഥയിൽ ഉറക്കമുണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ കൈകളിൽ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

ഉണ്ടായിരുന്ന ആയുധം മുറുകെ പിടിക്കുകയോ അല്ലെങ്കിൽ വീഴാൻപോകുകയോ ചെയ്തപ്പോൾ ഉലച്ചിൽതട്ടുകയുണ്ടായി. ഇവിടെ 'നുആസ്' എന്ന പദമാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. തന്റെ ഒരു ദർസിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇത് വ്യക്തമാക്കിക്കൊണ്ടു പറയുന്നു:

'അമനത്തൻ നുആസൻ എന്നതിന്റെ വിവിധ വശങ്ങളെ മുൻനിറുത്തിയുള്ള അർഥങ്ങളുടെ സംക്ഷിപ്തം ഇപ്രകാരമാണ്: 'താൽക്കാലികമായ നിലയിൽ തലകുനിച്ചുകൊണ്ട് ഊളിയിടുന്നതിനുമാണ് മയക്കം എന്ന് പറയുന്നത്. പക്ഷേ, ഇവിടെ 'നുആസ്' എന്നതിന്റെ അർഥം ഇത്തരത്തുലുള്ള മയക്കമല്ല. പ്രത്യുത ഉണർന്നിരിക്കുന്നതിന്റേയും ഉറക്കത്തിന്റേയും ഇടയിലുള്ള അവസ്ഥയാണ്. ഉറങ്ങുന്നതിനുമുമ്പേ ഇടയ്ക്ക് സകല അവയവങ്ങൾക്കും സമാധാനം കിട്ടുന്ന ഒരു ഘട്ടമുണ്ടാകാറുണ്ട്. അതാണ് ആഴത്തിലുള്ള സമാധാനം. ആ സമാധാനം അതുപോലെതന്നെ നിലനില്ക്കുകയാണെങ്കിൽ അത് ഉറക്കമായിമാറുന്നു. അത്തരം അവസ്ഥയിൽ മനുഷ്യൻ നടക്കുകയാണെങ്കിൽ വീഴുകയില്ല. വീഴുന്നതിനുമുമ്പേ ഉലച്ചിൽ തട്ടുന്നു. താൻ ഏത് അവസ്ഥയിലാണെന്ന് അവൻ അറിയുന്നു. പക്ഷേ, ഉറക്കം വന്നെത്തിയാൽ തന്റെ നാഡിഞരമ്പുകളിലും അവയവങ്ങളിലും ഒരു നിയന്ത്രണവുമുണ്ടാകുകയില്ല. എന്തായാലും ബിശർ ബിൻ ബറാഅയ്ക്ക് ഈ അവസ്ഥയിൽ ഇത്തരത്തിലുള്ള ആഴത്തിലുള്ള ഉറക്കവും വന്നിട്ടുണ്ടാകാം. പക്ഷേ, യുദ്ധാവസരത്തിലായിരുന്നിട്ടും സമാധാനാവസ്ഥയിലാകുകയും മനുഷ്യൻ വീഴുകയും ചെയ്യുന്നു. ഇതു ശരിയാണെന്ന് അംഗീകരിച്ചാൽത്തന്നെ ഇക്കാരണത്താൽ അദ്ദേഹത്തിന്റെ കൈ അല്പം അയഞ്ഞപ്പോൾ വാൾ വീണതാണ്. എന്തായാലും ഈ അവസ്ഥ എങ്ങനെയുള്ളതാണെന്നാൽ താൻ നല്ല ഉറക്കത്തിലാണ് നടക്കുന്നതെന്നുള്ള ബോധവും ക്ഷണത്തിലുണ്ടാകുന്നു. പിന്നീട് ഉലച്ചിൽകൊണ്ട് മനുഷ്യൻ ഉണരുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു പറയുന്നു, നാം നിനക്ക് ഉറക്കസമാനമായുള്ള ഒരു സമാധാനാവസ്ഥ പ്രദാനം ചെയ്തു. എന്നാൽ, ഉറക്കത്തിലെന്നപോലെ നിനക്ക് നിന്റെമേലും നിന്റെ അവയവങ്ങളുടെമേലും നിയന്ത്രണമില്ലാത്ത അത്ര അഗാധമായിരുന്നില്ല അത്. അത് സമാധാനം പ്രദാനം ചെയ്യുന്നുണ്ടായിരുന്നു. എന്നാൽ, അത് ആശ്വാസദായകമായിരുന്നെങ്കിൽത്തന്നെയും അതു നിങ്ങളെ പാഴാക്കിക്കളയുന്നതായിരുന്നില്ല.

ഹദ്റത്ത് അബൂത്വൽഹ(റ) പറയുന്നു: ഇത് ബുഖാരിയിലെ ഹദീഥിലുള്ളതാണ്. 'ഉഹുദു ദിവസം കൃത്യമായ യുദ്ധത്തിൽ ഞങ്ങൾക്ക് മയക്കമുണ്ടായി.' ഇതിനെ സംബന്ധിച്ച് മുമ്പേ പറഞ്ഞുകഴിഞ്ഞതാണ്. ഹദ്റത്ത് അബൂത്വൽഹ(റ) പറയുന്നു: വാൾ എന്റെ കൈയിൽനിന്ന് വീഴാൻ പോകുകയായിരുന്നു. ഞാനത് താങ്ങിയെടുത്തു.' ഈ ഹദീഥ് പറയുന്നത്, കൈയിൽനിന്ന് വസ്തുക്കൾ താഴെ വീഴുകയോ അല്ലെങ്കിൽ നടക്കുമ്പോൾ ഞങ്ങൾ വീഴുകയോ ചെയ്യുന്ന ഉറക്കത്തിന്റെ അവസ്ഥ അല്ലായിരുന്നു അത് എന്നാണ്. ശാന്തത ഉണ്ടായിരുന്നു. ആശ്വാസമുണ്ടായിരുന്നു. എന്നിട്ടും ഒരു പരിധിവരെ ഞങ്ങൾക്കു ഞങ്ങളുടെ അവയവങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നു. വീഴാൻ പോകുമ്പോൾ താങ്ങിയെടുക്കുമായിരുന്നു.' അതായത് ഈ നിദ്രാമയക്കത്തിന്റെ ഒരുഭാഗം പെട്ടെന്ന് അങ്ങനെ വന്നതല്ല. പ്രത്യുത ഇത് ഒരു അവസ്ഥയായിരുന്നു; അത് അവരുടെമേൽ കുറച്ചുനേരം ഉണ്ടായിക്കൊണ്ടിരുന്നു.

തിർമുദി അബ്വാബുത്തഫ്സീറിൽ ഹദ്റത്ത് അബൂ ത്വൽഹ(റ) നിവേദനം: 'ഉഹുദു യുദ്ധദിവസം ഞാൻ തലയുയർത്തി നോക്കാൻ തുടങ്ങി. അപ്പോൾ ഓരോരുത്തരും ഉറക്കം തൂങ്ങിതൂങ്ങി തങ്ങളുടെ പരിചയുടെ കീഴെ കുനിയുകയായിരുന്നു. ഉറക്കമിളച്ച കാരണത്താൽ അല്ലെങ്കിൽ ക്ഷീണം കാരണത്താൽ ആ സ്വഹാബത്തിന്റെ അവസ്ഥ മോശമായിരുന്നു. അത്തരം അവസ്ഥയിൽ അല്ലാഹുവിൽനിന്ന് സമാധാനാവസ്ഥ കിട്ടുകയായിരുന്നു.' ഹുദൂർ പറയുന്നു: അതായത് പൊതുവായ ദൃശ്യമാണുണ്ടായത്. യാദൃശ്ചികമായി ഒരു ക്ഷീണിതനായ യോദ്ധാവിന്റെമേൽ ഉണ്ടായ അവസ്ഥയായിരുന്നില്ല അത്.

എന്നല്ല ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) എഴുതിയിരിക്കുന്നു: 'നബി(സ) തിരുമേനിയോടൊപ്പം ശത്രുക്കൾക്കെതിരെ അണിനിരന്നിരുന്ന എല്ലാ യോദ്ധാക്കളുടേയുംമേൽ ആകാശത്തുനിന്നെന്നപോലെ ക്ഷണത്തിൽ ഒരു അവസ്ഥ വന്നിറങ്ങുകയും അതവരെ ആവരണം ചെയ്യുകയും ചെയ്തു. ആ നേരത്ത് അവർക്ക് തങ്ങളുടെ നാഡിഞരമ്പുകളെ റീഫ്രഷ് ചെയ്യാൻ, അതിനെ ആർദ്രമാക്കാൻ അതിന്റെ ശക്തമായ ആവശ്യമുണ്ടായിരുന്നു. ഉറങ്ങാൻ ഒരുസമയവും ഉണ്ടായിരുന്നില്ല. അത്തരം അവസ്ഥയുണ്ടാകുമ്പോൾ, അങ്ങനെയുള്ള ക്ഷീണാവസ്ഥ വന്നുഭവിക്കുമ്പോൾ ഇങ്ങനെയുള്ള അവസ്ഥ മനുഷ്യനുമേൽ ഉണ്ടാകാറുണ്ട്. ചുരുക്കത്തിൽ ഒരേ സമയത്തുതന്നെ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ ശത്രുവിൽനിന്ന് ഭീഷണി നേരിടുന്ന സമയത്ത് അത്തരത്തിൽ മയക്കത്തിന്റെ ഒരവസ്ഥ സംജാതമാകുക എന്നത് ഒരു ദൃഷ്ടാന്തമായിരുന്നു. അത് യാദൃച്ഛികമായി സംഭവിച്ചതല്ല. ഇത് ചിലയാളുകൾക്ക് സംഭവിക്കാറുള്ളതാണ്. പക്ഷേ, ഇതൊരു യാദൃച്ഛികമായ സംഭവമല്ല. അതൊരു അത്ഭുത ദൃഷ്ടാന്തമായിരുന്നു. അതിലൂടെ അല്ലാഹു അവർക്ക് ഒരു പ്രത്യേകമായ സമാധാനാവസ്ഥ ആ നേരത്ത് പ്രദാനം ചെയ്യുകയായിരുന്നു.' (ദറസുൽഖുർആൻ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)റമളാൻ 6, 1994 ഫെബ്രുവരി 17)

ഖയ്ബർ യുദ്ധദിവസം ഒരു ജൂതസ്ത്രീ നബി(സ) തിരുമേനിക്ക് ഉപഹാരമായി വിഷം പുരട്ടിയ ആട്ടിറച്ചി നൽകിയപ്പോൾ ആ മഹാത്മാവിനോടൊപ്പം ഹദ്റത്ത് ബിശറും അത് കഴിച്ചിരുന്നു. അതു കഴിച്ച് ഹദ്റത്ത് ബിശർ അവിടെനിന്ന് മാറുന്നതിനു മുമ്പേ അദ്ദേഹത്തിന്റെ നിറം 'ത്വയ്ലസാൻ' പോലെയായി. 'ത്വയ്ലസാൻ' ഒരു തുണിയാണ്. അതിൽ കറുപ്പ് നിറം അധികമായിരിക്കും. അതുപോലെയായി! ഒരു വർഷത്തോളം വേദന സഹിച്ചുകൊണ്ടിരുന്നു. പരസഹായമില്ലാതെ ഒന്നു തിരിഞ്ഞു കിടക്കാൻപോലും സാധിക്കാത്ത അവസ്ഥയിലായിരുന്നു. ആ അവസ്ഥയിൽ മരണം സംഭവിക്കുകയും ചെയ്തു. അദ്ദേഹം തന്റെ സ്ഥലത്തുനിന്ന് മാറിയിരുന്നില്ല എന്നും പറയപ്പെടുന്നു. വിഷം എത്രയധികമായിരുന്നുവെന്നാൽ കഴിച്ച് അല്പ സമയത്തിനുള്ളിൽത്തന്നെ അദ്ദേഹം വഫാത്തായി.'(അത്ത്വബക്കാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ് ഭാഗം 3, പേജ് 291, ബിശർ ബിൻ അൽബറാഅ്, ദാറുഅഹ്യാഉത്തുറാഥ് അൽഅറബി1996)

ഹദ്റത്ത് ബിശർ വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ മാതാവ് വളരെ ദുഖിതയായി. അവർ നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: 'യാ റസൂലല്ലാഹ്! ബിശറിന്റെ മരണം ബനൂ സലമയെ നശിപ്പിക്കുന്നതായിരിക്കും. ബനൂസലമയിൽ നിന്ന് മരിക്കുന്നവർ മരിച്ചുകൊണ്ടേയിരിക്കും. മരിച്ചവർ പരസ്പരം തിരിച്ചറിയുമോ? ബിശറിന് സലാം എത്തിക്കാൻ സാധിക്കുമോ?' നബി(സ)തിരുമേനി പറഞ്ഞു: 'ബിശറിന്റെ ഉമ്മാ! ആരുടെ കൈകളിലാണോ എന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ട് സത്യം, ഒരു വൃക്ഷത്തിലിരിക്കുന്ന പക്ഷികൾ പരസ്പരം തിരിച്ചറിയുന്നതുപോലെ സ്വർഗസ്ഥരും പരസ്പരം തിരിച്ചറിയുന്നതായിരിക്കും.' (സുബുലുൽഹുദാ വർറശാദ് വാള്യം 3, പേജ് 132, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1993)

മരിച്ചുപോകുന്നവരോടു സലാം പറഞ്ഞ് അയക്കാൻ കഴിയുമോ എന്നാണ് അവരുദ്ദേശിച്ചത്.

ഒരു നിവേദനത്തിൽ ഇങ്ങനെയും വരുന്നു: 'ബനൂ സലമാ ഗോത്രത്തിൽപ്പെട്ട ആരെങ്കിലും മരണാസന്നനാണെന്നറിഞ്ഞാൽ ബിശറിന്റെ മാതാവ് ആ വ്യക്തിയുടെ അടുക്കൽ പോകുകയും സലാം പറയുകയും അവർ അതിനു മറുപടി പറയുകയും ചെയ്യും. അതിനുശേഷം ബിശറിന് തന്റെ സലാം എത്തിക്കണമെന്ന് അവർ പറയുമായിരുന്നു.'(മിർഖാത്തുൽ മഫാത്തീഹ് ശറഹ് മിശ്ക്കാത്ത് അൽമസ്വാബീഹ് വാള്യം 4, പേജ് 99, കിതാബുൽ ജനാഇസ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

ഏതെങ്കിലും ബനുസലമക്കാരൻ വഫാത്താകുകയാണെങ്കിൽ അവർ അയാളുടെ അടു ത്തുപോയി അദ്ദേഹത്തിന് സലാം പറയണമെന്ന് പറയുമായിരുന്നു. ബനു സലമയിൽപെട്ടവരായിരുന്നു അവർ. ആദ്യം ഞാൻ ശത്രുവിനെക്കുറിച്ചാണ് പറഞ്ഞിരുന്നതെന്ന് തോന്നുന്നു. ശത്രുക്കളെ സംബന്ധിച്ച കാര്യമല്ല. അവരുടെ പറച്ചിലിന്റെ ശൈലിയാണത്; ബിശ്റിന്റെ മരണം ബനൂസലമയെ നശിപ്പിക്കുമെന്നത്. മരിച്ചവർ പരസ്പരം തിരിച്ചറിയുമോ? അതായത് ഞങ്ങൾക്ക് വളരെ വേദനയുണ്ട്. ബിശ്റിന് സലാം എത്തിക്കാൻ കഴിയുമോ? അതേ എന്ന് നബി(സ) തിരുമേനി പറഞ്ഞപ്പോൾ, പിന്നീട് മരിക്കാൻ പോകുന്ന ഓരോരുത്തരുടെയും അടുക്കൽപോയി സ്വർഗത്തിൽചെന്ന് എന്റെ സലാം എത്തിക്കണമെന്ന് അവർ പറയുമായിരുന്നു.

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ബിശറിന്റെ സഹോദരി നബി(സ)തിരുമേനിയു

## ഹദീഥുന്നബ്വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ടെ മരണരോഗാവസ്ഥയിൽ ആ മഹാത്മാവിന്റെ അടുക്കൽ വന്നപ്പോൾ 'ഖയ്ബറിൽ നിന്റെ സഹോദരന്റെ കൂടെ കഴിച്ച ഭക്ഷണം കാരണമായി എന്റെ ഞരമ്പുകൾ മുറിഞ്ഞു പോകുന്നതായി തോന്നുന്നു വെന്ന് അവരോടു നബി(സ)തിരുമേനി പറഞ്ഞു.' (അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 82, ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2002)

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശദീകരിച്ചു പറഞ്ഞിരിക്കുന്നു. യഹൂദി സ്ത്രീ സ്വഹാബത്തിനോടു ചോദിച്ചു: 'നബി(സ)തിരുമേനി മൃഗത്തിന്റെ ഏതു ഭാഗത്തുള്ള മാംസമാണ് ഇഷ്ടപ്പെടുന്നത്?' സ്വഹാബത്ത് പറഞ്ഞു: 'തോളിലെ മാംസമാണ് കൂടുതൽ ഇഷ്ടം.' അപ്പോൾ അവർ ആടിനെ അറുത്തു. കല്ലിന്മേൽ അതിന്റെ കബാബുണ്ടാക്കി. പിന്നീട് അതിൽ വിഷം പുരട്ടി; പ്രത്യേകിച്ചും തോൾഭാഗത്തെ മാംസത്തിൽ. സൂര്യൻ അസ്തമിച്ചതിനു ശേഷം നബി(സ)തിരുമേനി വൈകുന്നേരത്തെ നമസ്കാരം കഴിഞ്ഞ് തന്റെ താവളത്തിലേക്കു മടങ്ങിവരികയായിരുന്നു. തന്റെ കൂടാരത്തിന്നടുത്ത് ഒരു സ്ത്രീ ഇരിക്കുന്നത് അവിടന്ന് കണ്ടു. അവിടന്ന് അവരോടു ചോദിച്ചു: 'ബീബി! എന്താണ് കാര്യം?' അവർ പറഞ്ഞു: 'അബുൽഖാസിമേ! ഞാൻ അങ്ങയ്ക്ക് വേണ്ടി ഒരു സമ്മാനം കൊണ്ടുവന്നിട്ടുണ്ട്.' നബി(സ)തിരുമേനി കൂടെയുള്ള ഒരു സ്വഹാബിയോടു അവർ തരുന്നത് വാങ്ങിക്കൊള്ളാൻ പറഞ്ഞു. അതിനു ശേഷം അവിടന്ന് ഭക്ഷിക്കുന്നതിനുവേണ്ടി ഇരുന്നു; ഭക്ഷണത്തിന്റെ കൂടെ ആ വരട്ടിയ ഇറച്ചിയും വെച്ചു. നബി(സ)തിരുമേനി അതിൽനിന്ന് ഒരു കഷണം തിന്നു. അവിടത്തെ ഒരു സ്വഹാബിയായ ബശീർ ബിൻ ബറാഅ് ബിൻ മഅ്റൂറും ഒരു കഷണം തിന്നു. എന്തായാലും ചരിത്രഗ്രന്ഥങ്ങളിൽ ഹദ്റത്ത് ബിശ്ർ ബിൻ ബറാഇന്റെ പേര് ചിലയിടത്ത് ബശീർ ബിൻ ബറാഅ് എന്നും എഴുതിയിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ബശീർ ബിൻ ബറാഅ് എന്ന് ഇവിടെ എഴുതിയിരിക്കുന്നു. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ബിശർ ബിൻ ബറാഅ് തന്നെയാണ്. ഇത്രയുമായപ്പോൾ മറ്റു സ്വഹാബത്തും ഇറച്ചി തിന്നാൻ കൈനീട്ടി. അവിടന്ന് പറഞ്ഞു: 'തിന്നരുത്. ഈ ഇറച്ചിയിൽ വിഷം പുരട്ടിയിട്ടുണ്ടെന്ന് എന്റെ കൈ എന്നോടു പറഞ്ഞിരിക്കുന്നു.' ഇതിന്റെ അർഥം നബി(സ)തിരുമേനിക്ക് ഇൽഹാം ഉണ്ടായി എന്നല്ല. മറിച്ച്, അറേബ്യയിലെ ഭാഷാപ്രയോഗമാണത്. ഇതിന്റെ അർഥം ഈ ഇറച്ചി വായിലിട്ടപ്പോൾ അതിൽ വിഷം കലർന്നിട്ടുണ്ടെന്ന് എനിക്ക് മനസ്സിലായി എന്നാണ്. അടുത്ത വാക്യം അത് വ്യക്തമാക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'വിശുദ്ധഖുർആനിലും ഹദ്റത്ത് മൂസാ(അ)ന്റെ കാലത്തെ സംഭവം വിവരിക്കപ്പെട്ടിരിക്കുന്നു. അവിടെ ഒരു ഭിത്തിയെക്കുറിച്ച് പറയുന്നു, 'അത് വീഴാൻ ആഗ്രഹിക്കുകയായിരുന്നു'എന്ന്. ഇതിന്റെ അർഥം അതിൽ വീഴാനുള്ള ലക്ഷണങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നുവെന്നാണ്. അതിനാൽ ഇവിടേയും അതുതന്നെയാണ് ഉദ്ദേശ്യം.' പിന്നീട് പറയുന്നു: 'അപ്പോൾ ബശീർ അതായത് ബിശർ ബിൻ ബറാഅ് പറഞ്ഞു: അങ്ങയ്ക്ക് ആദരവ് നൽകിയ അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്ത് ഞാൻ പറയുന്നു. എനിക്കും ഈ ഇറച്ചിയിൽ വിഷമുണ്ടെന്ന് മനസ്സിലായിരുന്നു. അതു വലിച്ചെറിയണമെന്ന് ഞാൻ ആഗ്രഹിക്കുകയും ചെയ്തു. പക്ഷേ, ഞാൻ അങ്ങനെ ചെയ്താൽ അത് അങ്ങയ്ക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലോ എന്ന് എനിക്കു തോന്നി; അങ്ങയുടെ ഭക്ഷണം മോശമാകുമോ? എനിക്ക് തൃപ്തി ഉണ്ടായിരുന്നില്ല. എന്തൊ ഉണ്ടെന്ന് എനിക്ക് തോന്നിയിരുന്നു. അങ്ങ് ആ കഷണം തിന്നപ്പോൾ അങ്ങയെ പിന്തുടർന്ന് ഞാനും അത് വിഴുങ്ങിയതാണ്. എങ്കിലും എന്റെ മനസ് അതിൽ വിഷമുണ്ടെന്ന് പറഞ്ഞിരുന്നു; അതുകൊണ്ട് നബി(സ)തിരുമേനി അത് ഇറക്കരുതെന്നും ഞാനാഗ്രഹിച്ചു.' ഇതിന് അല്പം കഴിഞ്ഞപ്പോൾ ബശീറിന്റെ ആരോഗ്യം വഷളായി. ചില നിവേദനങ്ങളിലുള്ളത് അവിടെ ഖയ്ബറിൽ അദ്ദേഹം വഫാത്തായി എന്നാണ്. ചിലതിലുള്ളത് അതിനുശേഷം കുറച്ചുകാലം രോഗിയാകുകയും പിന്നീട് മരണപ്പെടുകയും ചെയ്തുവെന്നാണ്. അപ്പോൾ നബി(സ) തിരുമേനി കുറച്ച് ഇറച്ചി ഒരു പട്ടിയുടെ മുമ്പിലിടുവിച്ചു. അത് തിന്നപ്പോൾ ആ നായ ചത്തു. അപ്പോൾ നബി(സ)ആ സ്ത്രീയെ വിളിപ്പിച്ച് 'നീ ഈ ഇറച്ചിയിൽ വിഷം കലർത്തിയിരുന്നുവോ' എന്ന് ചോദിച്ചു. ആരാണ് താങ്കളോടു ഇതു പറഞ്ഞതെന്ന് അവർ തിരിച്ചു ചോദിച്ചു. അവിടത്തെ കൈയിൽ ആ നേരത്ത് ആടിന്റെ കൈയുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു: 'ഈ കൈയാണ് എന്നോടു പറഞ്ഞത്.' അപ്പോൾ ആ രഹസ്യം പരസ്യമായെന്ന് ആ സ്ത്രീക്ക് മനസ്സിലായി. വിഷം കലർത്തിയത് സമ്മതിച്ചു. അവിടന്ന് അവരോടു ചോദിച്ചു: 'ഇതു ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്?' അവൾ പറഞ്ഞു: 'എന്റെ ജനതയുമായി താങ്കളുടെ യുദ്ധമുണ്ടായി. എന്റെ ബന്ധുക്കൾ ആ യുദ്ധത്തിൽ വധിക്കപ്പെട്ടു. അപ്പോൾ വിഷം നല്കാമെന്ന് ഞാൻ വിചാരിച്ചു. അങ്ങയുടെ വേല മാനുഷികമാണെങ്കിൽ അതിൽനിന്ന് ഞങ്ങൾക്ക് മുക്തി കിട്ടും. ഇനി യഥാർഥത്തിൽ താങ്കൾ നബിയാണെങ്കിൽ അല്ലാഹു സ്വയം താങ്കളെ രക്ഷിക്കുന്നതാണ്.' അവരുടെ ഈ പറച്ചിൽ കേട്ട് നബി(സ) തിരുമേനി അവർക്ക് മാപ്പ് കൊടുത്തു. അതിനുള്ള ശിക്ഷ വധം തന്നെയായിരുന്നു. പക്ഷേ വധിച്ചില്ല. ഈ സംഭവം വിളിച്ചോതുന്നത് നബി(സ) തിരുമേനി എങ്ങനെയാണ് തന്നെ വിശ്വസിക്കുന്നവരേയും തന്റെ സ്നേഹിതന്മാരേയും വധിക്കുന്നവർക്ക് പൊറുത്തുകൊടുത്തിരുന്നതെന്നാണ്. യഥാർഥത്തിൽ ആരുടെയെങ്കിലും ജീവിച്ചിരിക്കൽ ഭാവിയിൽ ഒരുപാട് കുഴപ്പങ്ങൾ ഉണ്ടാക്കും എന്ന് കണ്ടവർക്കാണ് അവിടന്ന് ശിക്ഷ നല്കിയിരുന്നത്. (ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 327-329)

എന്തായാലും ഇതൊരു പൊതുവായ സ്വാധീനഫലമാണ്. ആ വിഷബാധ കാരണമായാണ് നബി(സ)തിരുമേനി വഫാത്തായതെന്ന് ചില എതിരാളികൾ പറയുന്നു. ചില ചരിത്ര, ജീവചരിത്ര ഗ്രന്ഥങ്ങളും ഇതിനെ കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ചില ജീവചരിത്ര രചയിതാക്കൾ നബി(സ)തിരുമേനിക്ക് ശഹാദത്തിന്റെ പദവി നൽകുന്നതിന് ഈ വക നിവേദനങ്ങളെ അംഗീകരിക്കാൻ തയ്യാറാകുകയും ചെയ്യുന്നു. യഥാർഥത്തിൽ അതു ശരിയല്ല. ഇതു സംബന്ധമായി നമ്മുടെ റിസർച്ച് സെൽ എനിക്കൊരു നോട്ട് തന്നിട്ടുണ്ട്. അത് ഞാൻ ഇവിടെ കേൾപ്പിക്കുകയാണ്. ഇതനുസരിച്ച് അവർ പറയുന്നു: 'ചരിത്രഗ്രന്ഥമോ ജീവചരിത്ര ഗ്രന്ഥമോ ഹദീഥുഗ്രന്ഥമോ ഏതുമാകട്ടെ, നബി(സ) തിരുമേനിയുടെ വഫാത്ത് സംഭവിച്ചത് വിഷബാധയേറ്റല്ല എന്ന് എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. മറിച്ചു പറയുന്നവർക്ക് ഒന്നുകിൽ എല്ലാ നിവേദനങ്ങളെയും കുറിച്ചുള്ള അറിവില്ല. അല്ലെങ്കിൽ അവർക്ക് അബദ്ധം സംഭവിച്ചിരിക്കുകയാണ്. വിഷം നൽകിയ സംഭവം നടന്നത് ഖയ്ബർ യുദ്ധത്തിന്റെ അവസരത്തിലാണെന്നത് വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ടതാണ്. അത് ഹിജ്റ 6 ന്റെ അവസാനമോ 7 ഹിജ്റയുടെ അവസാനമോ 7 ഹിജ്റയുടെ ആദ്യമോ നടന്നതാണ്. അതുകഴിഞ്ഞ് നാലു വർഷത്തോളം നബി(സ)തിരുമേനി ജിവിച്ചിരുന്നു. മുമ്പേ യുദ്ധങ്ങളിലെല്ലാം പങ്കെടുത്തിരുന്നതുപോലെ തികഞ്ഞ ആരോഗ്യത്തോടെയുള്ള ജീവിതമാണ് നയിച്ചത്. ആരാധനാകർമങ്ങളിലും പതിവായ ദിനചര്യകളിലും കടുകുമണിയോളം പോലും വ്യത്യാസം വന്നില്ല. ഏകദേശം നാലു വർഷത്തിനുശേഷം പനിയും തലവേദനയും അനുഭവപ്പെടുകയും അതേ തുടർന്നു വഫാത്താകുകയും ചെയ്യുക എന്നതുകൊണ്ടുതന്നെ നാലു വർഷത്തിനു മുമ്പേറ്റ വിഷബാധയുടെ സ്വാധീനത്താലാണ് സംഭവിച്ചതെന്ന് ബുദ്ധിയുള്ള ആർക്കും പറയാൻ കഴിയില്ല. യഥാർഥത്തിൽ ബുഖാരിയിലും മറ്റു ഹദീഥുഗ്രന്ഥങ്ങളിലും ഒരു ഹദീഥുണ്ട്. അതിന്റെ തർജമ ശരിയായി മനസ്സിലാക്കാത്ത കാരണത്താൽ, അതിന്റെ ഫലമായാണ് നബി(സ)തിരുമേനിയുടെ വേർപാടുണ്ടായതെന്ന് കരുതപ്പെടുന്നു. വാസ്തവത്തിൽ ഇത് ശരിയല്ല. ബുഖാരിയിലെ ആ ഹദീഥ് ഇതാണ്: അതിന്റെ തർജമ പറയാം. 'ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ)തിരുമേനി മരണാസന്നനായിരിക്കുമ്പോൾ ഇങ്ങനെ പറഞ്ഞിരുന്നു, 'ആഇശാ! ഖയ്ബറിൽവച്ച് ഞാൻ ഭക്ഷിച്ച വിഷം കലർത്തിയമാംസത്തിന്റെ വേദന ഇതുവരെ ഞാൻ അനുഭവിക്കുകയായിരുന്നു. ഇപ്പോഴും ആ വിഷംകൊണ്ട് ഞരമ്പുകൾ മുറിഞ്ഞുപോകുന്നതായി തോന്നുന്നു.'(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബു മറളിന്നബിയ്യി(സ)വ ഫാത്തിഹീ ഹദീഥ് 4428)

ഇതേ ബുദ്ധിമുട്ടു കാരണത്താലാണ് നബി(സ)തിരുമേനി വഫാത്തായതെന്ന് ചില മുസ്‌ലിം ഖുർആൻ വ്യാഖ്യാതാക്കളും മുഹദ്ദീഥീങ്ങളും പറയുന്ന ആ ഹദീഥാണിത്. ഇത് മുന്നിൽവച്ചുകൊണ്ട് ഇങ്ങനേയും വ്യാഖ്യാനിക്കുന്നു: നബി(സ)തിരുമേനിയെ ഇക്കാരണത്താൽ ശഹീദെന്നും പറയാവുന്നതാണ്. അല്ലെങ്കിൽ ചിലർ അങ്ങനെ പറയുന്നു. ഈ നിവേദനം ഇക്കാര്യത്തെ പിന്തുണയ്ക്കുന്നില്ല. അതിൽ കേവലം ഒരു ബുദ്ധിമുട്ട് പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. അത് നബി(സ)തിരുമേനി ആ നേരത്ത് പറഞ്ഞതാണ്. പലപ്പോഴും മനുഷ്യന്റെ ശാരീരികമായ ഏതെങ്കിലും പ്രയാസങ്ങൾ, മുറിവ് അല്ലെങ്കിൽ രോഗം എന്നിവ ചില പ്ര


**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

ത്യേക സന്ദർഭങ്ങളിൽ ചില കാരണങ്ങളാൽ പ്രകടമാകാറുണ്ടെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. ഖയ്ബറിന്റെ സമയത്ത് നബി(സ) തിരുമേനി കഴിച്ച വിഷം ചേർത്ത മാംസവുമായി ബന്ധപ്പെട്ട നിവേദനങ്ങളുടെ വിശദീകരണത്തിലേക്കു പോയിക്കഴിഞ്ഞാൽ മനസ്സിലാക്കാൻ സാധിക്കുന്നത്, വിഷം പുരട്ടിയ മാംസം അവിടന്ന് വായിലിട്ടിരുന്നു എന്നാൽ, അത് വിഴുങ്ങിയിരുന്നില്ല എന്നാണ്. ഇനി അഥവാ വിഴുങ്ങിയിട്ടുണ്ടെങ്കിൽത്തന്നെ അതിനു ശേഷമുള്ള അദ്ദേഹത്തിന്റെ പൂർണ ആരോഗ്യത്തോടെയുള്ള ജീവിതം തെളിയിക്കുന്നത് അദ്ദേഹത്തിന്റെ വഫാത്തിനു കാരണം അതായിരുന്നില്ല എന്നാണ്. ഈ വിഷം കാരണത്താൽ വയറിനോ കുടലുകൾക്കോ ഉണ്ടായ ക്ഷതം രോഗത്തിൽ കൂടുതലായി. ഇത് സ്വാഭാവികമായ കാര്യമാണ്. ചിലപ്പോൾ ഇങ്ങനെ ഉണ്ടാകാറുണ്ട്. വായിൽപോയ കാരണത്താൽ അവിടത്തെ തൊണ്ടയിലും മോണയിലും മുറി ഉണ്ടായിരുന്നു. ചിലപ്പോൾ ഭക്ഷണം കഴിക്കുമ്പോൾ ബുദ്ധിമുട്ടുണ്ടായിരുന്നു. ഹദീഥുകളിൽ ഈ സംഭവം പൂർണമായ നിലയിൽ വന്നിട്ടുണ്ട്. അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്, മാംസത്തിൽ വിഷമുണ്ടെന്ന് നബി(സ)തിരുമേനിക്ക് മനസ്സിലായിരുന്നു എന്നാണ്. സ്വഹാബത്തിനെ അതു ഭക്ഷിക്കുന്നതിൽ നിന്ന് നബി(സ)തിരുമേനി തടയുകയും ചെയ്തിരുന്നു. വിഷം കലർത്തിയ സ്ത്രീയെ വിളിച്ചു ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'ഞാൻ വിഷം കലർത്താൻ കാരണമിതാണ്. അതായത് താങ്കൾ അല്ലാഹുവിൽ നിന്നുള്ള യഥാർഥ ദൂതനാണെങ്കിൽ താങ്കൾ രക്ഷപ്പെടുന്നതാണ്. അല്ലാത്തപക്ഷം താങ്കളിൽ നിന്ന് ഞങ്ങൾക്കു മോചനം ലഭിക്കുന്നതാണ്.' യഹൂദികൾ നബി(സ) തിരുമേനി രക്ഷപ്പെട്ടുവെന്ന് വിളംബരം ചെയ്യുന്നു. ഇത്ര മാരകമായ വിഷമായിരുന്നിട്ടും അവിടന്ന് രക്ഷപ്പെട്ടു എന്നോർത്ത് ആ സ്ത്രീ അത്ഭുതപ്പെടുകയും ചെയ്യുന്നു. നബി(സ)തിരുമേനി അവർക്കു മാപ്പ് കൊടുത്തു. ആ സ്ത്രീ പിന്നീട് ഇസ്‌ലാം സ്വീകരിച്ചു എന്നും നിവേദനങ്ങളിൽ വരുന്നു. എന്തായാലും വേണ്ടില്ല, ഈ വിഷംകൊണ്ട് അവിടന്ന് വഫാത്തായില്ല എന്ന് യഹൂദി സമ്മതിക്കുകയും ചെയ്യുന്നു. അത് ദിവ്യാത്ഭുതമാണെന്ന് പറയുന്നു. അതുകൊണ്ട് ആ വിഷം കാരണത്താലാണ് അവിടന്ന് വഫാത്തായതെന്ന് പറയുന്നത് ശരിയല്ല. ബാക്കി കാര്യങ്ങൾ പിന്നീട് പ്രതിപാദിക്കുന്നതാണ്.

ഇപ്പോൾ ഞാൻ രണ്ടു പരേതാത്മക്കളെ സ്മരിക്കുകയാണ്. നമസ്കാരങ്ങൾക്കുശേഷം അവരുടെ ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. രാജൽപൂരിലെ അലി മുഹമ്മദ് സാഹിബിന്റെ മകൻ നസീർ അഹ്മദ് സാഹിബാണ് ഒന്ന്. 2019 നവംബർ 21ന് 63-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പ്രപിതാമഹൻ മുഹമ്മദ് ദീൻ സാഹിബ് മുഖേനയായിരുന്നു. ഫിറോസ്പൂർ ജില്ലയിലെ സേര താലൂക്കിലെ ഒരു ഗ്രാമമായ മൽസയാൻ വാസിയായിരുന്നു. അദ്ദേഹം തന്റെ സഹോദരൻ ഇലാഹി ബഖ്ശ് സാഹിബിനോടൊപ്പം 1907-ൽ കത്തു മുഖേനയാണ് ബയ്അത്ത് ചെയ്തത്. 1908-ലെ ഖാദിയാൻ ജൽസാസാലാനയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കൈയിൽ നേരിട്ട് ബയ്അത്ത് ചെയ്യാനും തൗഫീഖ് കിട്ടി. പരേതൻ നസീർ അഹ്മദ് സാഹിബിന് ജില്ലാ നാഇബ് അമീറിനു പുറമെ നാഇബ് സഈം അൻസാറുല്ലാഹ്, ജമാഅത്ത് സ്വദ്ർ എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അഞ്ചുനേരവും ജമാഅത്തോടുകൂടി നമസ്കരിക്കുന്ന ശീലനായിരുന്നു. അതിനു വേണ്ടി വലിയ ഏർപാട് ചെയ്തിരുന്നു. ജോയിന്റ് ഫാമിലി സിസ്റ്റമായിരുന്നു അദ്ദേഹത്തിന്റേത്. വീട്ടിലുള്ള എല്ലാ സഹോദരന്മാരേയും സഹോദരീപുത്രന്മാരേയും പുത്രിമാരേയും നമസ്കാര സമയങ്ങൾ ആവർത്തിച്ച് അറിയിക്കുമായിരുന്നു. സുബ്ഹി നേരത്ത് മുഴുവൻ പരിസരത്തും ചുറ്റിക്കറങ്ങി എല്ലാവരേയും വിളിക്കുമായിരുന്നു. വളരെ വലിയ കുടുംബമായിരുന്നു. വിവിധ വീടുകളുണ്ടായിരുന്നു. എല്ലാവരേയും സുബ്ഹി നമസ്കാരത്തിന് ഉണർത്തുമായിരുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ആളുകളോടും, തന്റെ കുടുംബക്കാരോടും കുട്ടികൾ തുടങ്ങിയവരോടും അതേക്കുറിച്ച് ചോദിക്കുമായിരുന്നു. മടി കാണിച്ചാൽ ഉപദേശിക്കുമായിരുന്നു; കൃത്യത പാലിക്കാൻ പറയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുമായിരുന്നു. തന്റെ മക്കളേയും സഹോദര, സഹോദരമക്കളായ ബന്ധുക്കളേയും ഉപദേശിക്കുകയും ചെയ്യുമായിരുന്നു. അതുപോലെതന്നെ എം.ടി.എയിൽ ഖുത്ബ സ്ഥിരമായി കേൾക്കുമായിരുന്നു. എല്ലാവരും ഖുത്ബ കേട്ടു എന്ന് ഉറപ്പുവരുത്തുമായിരുന്നു. കഠിനമായ എതിർപ്പുണ്ടായിരുന്നിട്ടും തബ്ലീഗിന്റെ ഒരു അവസരവും പാഴാക്കിയിരുന്നില്ല. സൂക്ഷിക്കണമെന്നും ശ്രദ്ധിക്കണമെന്നും വീട്ടുകാർ പറയുമ്പോൾ അല്ലാഹു അയച്ച സന്ദേശം എത്തിച്ചില്ലെങ്കിൽ അല്ലാഹുവിന്റെ മുമ്പിൽ മുഖം എങ്ങനെ കാണിക്കുമെന്ന് ചോദിക്കുമായിരുന്നു. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്കു പുറമെ ഒരു പുത്രിയും മൂന്നു പുത്രന്മാരുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ ഖാലിദ് അഹ്മദ് സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. ഇപ്പോൾ മാലി (പശ്ചിമാഫ്രിക്ക)യിൽ സേവനം ചെയ്യുന്നു. അവിടെ കർമരംഗത്തായ കാരണത്താൽ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തും നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ തലമുറകൾക്കും മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മിയാ അല്ലാഹ്ദത്താ സാഹിബിന്റെ മകൻ അത്വാഉൽ കരീം സാഹിബിന്റേതാണ്. ശെയ്ഖ്പുര ജില്ലയിലെ കിർത്തൊവാസിയാണ്. ഇപ്പോൾ കനഡയിലാണ്. നവംബർ 13ന് 75-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പിതാവ് മിയാ അല്ലാഹ് ദത്താ സാഹിബ് മുഖേനയായിരുന്നു. അദ്ദേഹം 1934-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈയിൽ ബയ്അത്ത് ചെയ്തു. അഹ്മദിയായതിനുസേഷം ജീവിതം മുഴുവൻ വഖ്ഫ് ചെയ്തതുപോലെ ജീവിച്ചു. എപ്പോഴും തബ്ലീഗ് ചെയ്തുകൊണ്ടിരുന്നു. ഒരുപാട് കുടുംബങ്ങളെ അഹ്മദിയാക്കി. ജീവിതം മുഴുവൻ വഖ്ഫിന്റെ ആത്മാവോടുകൂടി ജമാഅത്തിനെ സേവിച്ചു. ലാഹോറിലുണ്ടായിരുന്നിടത്തോളം വിവിധ രീതിയിൽ ജമാഅത്തുപരമായ സേവനം ചെയ്തുകൊണ്ടിരുന്നു. പിന്നീട് 2007-ൽ കനഡയിൽ സ്ഥിരതമാസമായി. അവിടെ തന്റെ ജമാഅത്തിൽ ഇശാഅത്ത് സെക്രട്ടറി എന്ന നിലയിൽ സേവനം ചെയ്തു. ശ്വാസകോശ സംബന്ധമായ രോഗം കാരണത്താൽ സ്ഥിരമായി ഓക്സിജൻ ഘടിപ്പിച്ചിരുന്നു. ആരോഗ്യം അനുവദിക്കുവോളം തന്റെ വീൽചെയറിൽ മുടങ്ങാതെ നമസ്കരിക്കുന്നതിന് പോകാറുണ്ടായിരുന്നു. രോഗത്തെ ധൈര്യത്തോടെ നേരിട്ടു. ഒരിക്കലും പരാതി പറഞ്ഞില്ല. ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്തിനോടും ആത്മാർഥതയും കൂറുമുള്ള ബന്ധമായിരുന്നു. വലിയ സ്നേഹത്തിന്റെ ബന്ധമായിരുന്നു. വളരെ ബുദ്ധിമാനായിരുന്നു. അഭിപ്രായം പറയുന്ന ആളായിരുന്നു. നിഷ്കളങ്കനും നിർമലനുമായിരുന്നു. തന്നോടു വളരെ ആഴത്തിലുള്ള ബന്ധമായിരുന്നുവെന്ന് കുടുംബത്തിലെ ഓരോ അംഗവും പറയുന്നു. എല്ലാവർക്കും പ്രയോജനമുള്ള വ്യക്തിയായിരുന്നു. ആരേയും ഒരിക്കലും വേദനിപ്പിച്ചിട്ടില്ല. എല്ലാവരോടും സ്നേഹനിർഭരമായ ബന്ധമായിരുന്നു. പരേതൻ മൂസിയായിരുന്നു. സന്തപ്തകുടുംബത്തിൽ ഭാര്യയ്ക്കു പുറമെ രണ്ടു പെൺകുട്ടിയും രണ്ട് ആൺകുട്ടിയുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ അത്വാഉൽ മന്നാൻ ത്വാഹിർ സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. ഇപ്പോൾ സ്വദ്ർ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഓഫീസിൽ നാഇബ് നാളിറാണ്. അവിടെ അദ്ദേഹത്തിന് സേവനം ചെയ്യാൻ തൗഫീഖ് കിട്ടിക്കൊണ്ടിരിക്കുന്നു. ഒരു പൗത്രൻ ജാദിബ് അഹ്മദ് കനഡ ജാമിഅ അഹ്മദിയ്യായിൽ വിദ്യാർഥിയാണ്. ജമാഅത്തിന്റെ കവി അബ്ദുൽ കരീം സാഹിബ് ഖുദ്സി ഇദ്ദേഹത്തിന്റെ മൂത്ത സഹോദരനാണ്. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്ക്, തലമുറകൾക്ക് അദ്ദേഹത്തിന്റെ നന്മ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

**ത്വാലിബെ ദുആ:**
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

**ത്വാലിബെ ദുആ:**
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

# ഖുത്ബ ജുമുഅ

## ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബി ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ വാഖ്ഫി(റളിയല്ലാഹു അൻഹു)യുടെ അനുഗൃഹീത ജീവചരിത്ര വിവരണം

തബൂക് യുദ്ധത്തിന്റെ അവസരത്തിൽ പിന്നിൽനിന്നുപോയ സ്വഹാബത്തിനെതിരിൽ സംസാര നിരോധനവും(മുഖാത്ത്വിഅ)അവർക്ക് ലഭിച്ച മാപ്പിന്റെ വിശദീകരണവും.

കേന്ദ്ര വഖ്ഫെ നൗഇന്റെ(യു.കെ)വെബ്സൈറ്റ് തുടക്കവും ഹ്രസ്വ വിവരണവും

**ഖുത്ബ ജുമുഅ 2019 ഡിസംബർ 06/1398 ഫതഹ് 06**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫേർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഞാൻ വിവരിക്കാൻ പോകുന്ന ബദ്രി സ്വഹാബിയുടെ പേര് ഹദ്റത്ത് ഹിലാൽ(റ)എന്നാണ്. ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ വാഖഫി എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. അദ്ദേഹത്തിന്റെ ബന്ധം അൻസ്വാർ ഗോത്രമായ ഔസിന്റെ കുടുംബം ബനൂവാഖിഫുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ഉമയ്യ ബിൻ ആമിറെന്നും മാതാവിന്റെ പേര് അനീസ ബിൻത് ഹിദ്മ് എന്നുമായിരുന്നു. അവർ ഹദ്റത്ത് കുൽഥൂം ബിൻ ഹിദ്മിന്റെ സഹോദരിയായിരുന്നു. മദീന ഹിജ്റത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനി ഖുബായിൽ താമസിച്ചത് കുൽഥൂം ബിൻ ഹിദ്മിന്റെ വീട്ടിലായിരുന്നു.' (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5 പേജ് 380-381, ഹിലാൽ ബിൻ ഉമയ്യ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)(മഅ്രിഫത്തുസ്സ്വഹാബ വാള്യം 4 പേജ് 383, ഹദീഥ് 2995, ഹിലാൽ ബിൻ ഉമയ്യ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ രണ്ടു വിവാഹം കഴിച്ചിരുന്നതായി വിവരം ലഭിക്കുന്നുണ്ട്. ഒന്ന് ഫുറയ്അ ബിൻത് മാലിക് ബിൻ ദുഖ്ശമുമായും മറ്റൊന്ന് മുലയ്ക്ക ബിൻത് അബ്ദുല്ലായുമായും. ഹദ്റത്ത് ഹിലാലിന്റെ രണ്ടു ഭാര്യമാർക്കും ഇസ്ലാം സ്വീകരിക്കാൻ തൗഫീഖ് കിട്ടി. നബി(സ)തിരുമേനിയുടെ കൈയിൽ അവർ ബയ്അത്ത് ചെയ്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 282. 285, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ ആദ്യകാലത്ത് ഇസ്ലാം സ്വീകരിച്ചവരിൽപെടുന്നു. അദ്ദേഹം ബനൂവാഖിഫ് ഗോത്രത്തിന്റെ ബിംബം തകർത്തു. മക്ക വിജയദിവസം അദ്ദേഹത്തിന്റെ ജനതയുടെ പതാക അദ്ദേഹത്തിന്റെ കൈയിലായിരുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 381, ഹിലാൽ ബിൻ ഉമയ്യ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യാക്ക് ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും ഇപ്രകാരം ശേഷം നടന്ന യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കാൻ ഭാഗ്യമുണ്ടായി. എങ്കിലും തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിച്ചില്ല. ഇബ്നുഹിശാം തന്റെ ഗ്രന്ഥത്തിൽ ബദ്രി സ്വഹാബാക്കളുടെ പട്ടികയുണ്ടാക്കിയതിൽ ഹിലാൽ ബിൻ ഉമയ്യായുടെ പേരില്ല. പക്ഷേ, ബുഖാരി തന്റെ സ്വഹീഹ് ബുഖാരിയിൽ അദ്ദേഹത്തെ ബദ്രി സ്വഹാബിമാരിൽ ഉൾപ്പെടുത്തിയിരിക്കുന്നു. (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ വാള്യം 6, പേജ് 428, ഹിലാൽ ബിൻ ഉമയ്യ(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005).(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 381, ഹിലാൽ ബിൻ ഉമയ്യ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി)

തബൂക്ക് യുദ്ധത്തിൽ ഒരു കാരണവും കൂടാതെ പങ്കെടുക്കാൻ സാധിക്കാത്ത 3 അൻസ്വാർ സഹാബിമാരിൽ ഇദ്ദേഹവും ഉൾപ്പെടുന്നു. മറ്റു രണ്ടു സ്വഹാബിമാർ കഅബ് ബിൻ മാലിക്, മുറാറ ബിൻ റബീഅ് എന്നിവരാണ്. ഇവരെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഈ ആയത്തും അവതരിച്ചിട്ടുണ്ട്.

*വ്വ അലഥ്ഥലാഥത്തില്ലദീന ഖുല്ലിഫൂ ഹത്താ ഇദാ ളാഖത്ത് അലയ്ഹിമുൽഅർളു ബിമാ റഹ്ബുത്ത്*

*വ ളാഖത്ത് അലയ്ഹിം അൻഫുസുഹും വ ളന്നൂ അൻ ല്ലാ മൽജഅ മിനല്ലാഹി ഇല്ലാ ഇലയ്ഹി ഥുമ്മ താബ അലയ്ഹിം ലിയത്തൂബൂ ഇന്നല്ലാഹ ഹുവത്തവ്വാബുർറഹീം*(9:118)

പിന്മാറി നിന്ന മൂന്നുപേരിലേക്കും (അല്ലാഹു പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് തിരിഞ്ഞിരിക്കുന്നു). എത്രത്തോളമെന്നാൽ, ഭൂമി വിശാലമായിരുന്നെങ്കിലും അവർക്ക് ഇടുങ്ങിയതായിത്തീരുകയും അവരുടെ ആത്മാക്കൾ പ്രയാസം അനുഭവിക്കാൻ തുടങ്ങുകയും അല്ലാഹുവിൽ നിന്ന് അവനിലേക്കല്ലാതെ വേറൊരു അഭയമാർഗവുമില്ലെന്ന് അവർ മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർക്ക് പശ്ചാത്തപിക്കാൻ കഴിയുന്നതിനുവേണ്ടി പിന്നെ അവൻ അവരിലേക്ക് സ്വീകാര്യത നല്കിക്കൊണ്ട് തിരിഞ്ഞു. തീർച്ചയായും അല്ലാഹു തന്നെയാണ് വീണ്ടും വീണ്ടും പശ്ചാത്താപം സ്വീകരിക്കുന്നവനും കൂടെക്കൂടെ കരുണചെയ്യുന്നവനും. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാള്യം 5, പേജ് 381, ഹിലാൽ ബിൻ ഉമയ്യ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

തബൂക്ക് യുദ്ധം ഹിജ്റ ഒമ്പതിനാണ് നടന്നത്. സ്വഹീഹ് ബുഖാരിയിൽ ഇതുസംബന്ധമായി സുദീർഘമായൊരു നിവേദനമുണ്ട്. അതിൽ ഈ മൂന്നു സ്വഹാബിമാർ യുദ്ധത്തിൽ പങ്കെടുക്കാതെ പിന്നിൽനിന്ന് സാഹചര്യത്തെ കുറിച്ച് വിവരിക്കുന്നുണ്ട്.

ഹദ്റത്ത് കഅ്ബ് ബിൻ മാലിക്കിന്റെ പൗത്രൻ അബ്ദുറഹ്മാൻ തന്റെ പിതാവ് അബ്ദുല്ലാഹ് ബിൻ കഅ് ബിൽ നിന്ന് നിവേദനം: 'ഹദ്റത്ത് കഅ്ബ് അന്ധനായപ്പോൾ അദ്ദേഹത്തെ ഇദ്ദേഹം പിടിച്ചുകൊണ്ടുപോകാറുണ്ടായിരുന്നു. ഇദ്ദേഹം പറയുന്നു: ഞാൻ ഹദ്റത്ത് കഅ്ബ് ബിൻമാലിക് ഈ സംഭവം വിവരിച്ചത് കേട്ടിട്ടുണ്ട്. ഇത് ഹദ്റത്ത് കഅ്ബ് ഉദ്ധരിച്ചതായ ദീർഘമായൊരു നിവേദനമാണ്. ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്ന സ്വഹാബി ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യായെ കുറിച്ച് ഇതിന്റെ ഇടയിൽ പ്രതിപാദിക്കുന്നുണ്ട്. പക്ഷേ, ഈ ഒരു നിവേദനം ലഭിക്കുന്നുണ്ട്.

എന്തായാലും ഹദ്റത്ത് കഅ്ബ് ബിൻ മാലിക് പിന്നിൽനിന്നുപോയ അതായത് തബൂക് യുദ്ധത്തിൽ പങ്കെടുക്കാതെ പിന്നിൽനിന്നുപോയ സംഭവം പറഞ്ഞത് കേട്ടതായി അദ്ദേഹം പറയുന്നു, ഹദ്റത്ത് കഅ്ബ് ബിൻ മാലിക്ക്(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ പങ്കെടുത്ത ഒരു യുദ്ധത്തിലും പങ്കെടുക്കാതെ ഞാൻ മാറിനിന്നിട്ടില്ല; തബൂക്കിലൊഴികെ. അതേ, ബദ്റിലും പങ്കെടുക്കുകയുണ്ടായില്ല. അതിൽ പങ്കെടുക്കാത്തവരോടൊന്നും നബി(സ)തിരുമേനി വെറുപ്പ് പ്രകടിപ്പിച്ചിരുന്നില്ല. നബി(സ)തിരുമേനി ഖുറയ്ശികളുടെ സംഘത്തെ തടയുകയെന്ന ഒരേയൊരു ഉദ്ദേശത്തോടെ പുറപ്പെട്ടു. എന്നിട്ട് അല്ലാഹു അവരേയും ശത്രുക്കളേയും അവരുടെ മുൻനിശ്ചയമില്ലാതെ കൂട്ടിമുട്ടിക്കുകയായിരുന്നു. അല്ലാഹുവിന്റെ റസൂലിന്റെ കൂടെ അഖബ ഉടമ്പടി രാത്രിയിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്;' ബദ്റിലെ സംഭവവും വിവരിക്കുന്നു, ബദ്റിലും പങ്കെടുത്തിരുന്നില്ല. പക്ഷേ, അതിൽ പങ്കെടുക്കാത്തതുകൊണ്ട് നബി(സ)തിരുമേനി ആരോടും വെറുപ്പ് പ്രകടിപ്പിച്ചിരുന്നില്ല. എന്തായാലും പറയുന്നു: 'ഇസ്ലാമിന്റെ പേരിൽ ഞങ്ങൾ ഉടമ്പടി ചെയ്തപ്പോൾ- ബദ്റിലെ പങ്കാളിത്തം അതിനുപകരമായി ലഭിക്കുന്നത് എനിക്കിഷ്ടമല്ല; അഖബ ഉടമ്പടിയെക്കാൾ ജനങ്ങൾക്കിടയിൽ സ്മരിക്കപ്പെടുന്നത് ബദ്റാണെങ്കിലും- എന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ ആ യുദ്ധത്തിൽ പങ്കെടുക്കാതെ ഞാൻ മാറിനിന്ന സമയത്ത്, അതിനു മുമ്പേ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത സാമ്പത്തിക സൗകര്യവും ആരോഗ്യവും എനിക്കുണ്ടായിരുന്നു. അല്ലാഹുവാണ! മുമ്പേ ഒരിക്കലും രണ്ടു വാഹനം എനിക്ക് ഒരുമിച്ചുണ്ടായിട്ടില്ല. എന്നാൽ, ആ യുദ്ധ സന്ദർഭത്തിൽ എനിക്ക്

അത് ഒരുമിച്ചുണ്ടായിരുന്നു. നബി(സ)തിരുമേനി ഒരു യുദ്ധത്തിന് തീരുമാനിച്ചാൽ അത് (നേരിട്ട് വ്യക്തമാക്കാതെ) രഹസ്യമായി വെച്ച് മറ്റൊരു സ്ഥലത്തേക്ക് പോകുന്നുവെന്ന് പ്രകടിപ്പിക്കുമായിരുന്നു.' പൊതുമായ നിലയിൽ ഇങ്ങനെയായിരുന്നു ഉണ്ടാകാറുണ്ടായിരുന്നത്. യുദ്ധതന്ത്രമെന്ന കാരണത്താലാണ് നബി(സ)തിരുമേനി അങ്ങനെ ചെയ്തിരുന്നത്. മറ്റു യാത്രകളും ദീർഘമായി ചെയ്യുകയോ വഴിമാറ്റുകയോ ചെയ്യുമായിരുന്നു.' അദ്ദേഹം പറയുന്നു: 'ആ യുദ്ധമുണ്ടായപ്പോൾ, നബി(സ)തിരുമേനി ആ യുദ്ധത്തിൽ അതിശക്തമായ ചൂടുള്ളപ്പോൾ പുറപ്പെട്ടു. അതായത് തബൂക് യുദ്ധത്തിൽ! അവിടത്തെ മുമ്പിൽ വിദൂരയാത്രയും വിജനമായ പ്രദേശങ്ങളും വൻതോതിലുള്ള ശത്രുക്കളുമായിരുന്നു ഉണ്ടായിരുന്നത്. മുസ്‌ലിമീങ്ങൾ പോരാട്ടത്തിന് തയ്യാറെടുക്കുന്നതിന് അവിടന്ന് സ്ഥിതിവിശേഷങ്ങൾ അവരുടെ മുമ്പാകെ തുറന്ന നിലയിൽ വിവരിച്ചു.' പറയുന്നു: 'എങ്ങോട്ടാണ് അവിടന്ന് പോകാനാഗ്രഹിക്കുന്നതെന്നും അവിടന്ന് പറഞ്ഞു. ധാരാളം മുസ്‌ലിമീങ്ങൾ നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു.' ഹദ്റത്ത് കഅ്ബ് പറയുന്നു:'ഏതെങ്കിലുമൊരാൾ യുദ്ധത്തിൽ പങ്കെടുക്കാതെ മാറിനിന്നാൽ വഹ്‌യ് കൂടാതെ നബി(സ)തിരുമേനിക്ക് അത് അറിയാൻ കഴിയില്ലെന്നാണ്, യുദ്ധത്തിൽ പങ്കെടുക്കാതെ മാറി നില്ക്കാൻ ഉദ്ദേശിച്ചിരുന്നവർ കരുതിയത്. കായ് ഫലങ്ങൾ വിളഞ്ഞു നിന്ന, മരത്തണലുകൾ ധാരാളമുണ്ടായിരുന്ന സന്ദർഭത്തിലായിരുന്നു ആ യുദ്ധം. അങ്ങനെ അല്ലാഹുവിന്റെ റസൂൽ യുദ്ധത്തിന് തയ്യാറെടുപ്പ് നടത്തി; കൂടെ മുസ്‌ലിമീങ്ങളും.' കഅ്ബ് പറയുന്നു: 'അവരോടൊപ്പം ഒരുങ്ങാൻ ഞാൻ രാവിലെ ഇറങ്ങിത്തിരിക്കും. എന്നാൽ, ഒന്നും ചെയ്യാതെ ഞാൻ മടങ്ങിപ്പോരും.' പോകാമെന്നുള്ള തീരുമാനത്തോടെ പുറപ്പെടുമായിരുന്നു, പക്ഷേ, വൈകുന്നേരം തിരിച്ചുപോരും. തയ്യാറെടുപ്പ് നടന്നിരുന്നില്ല. 'ഞാൻ മനസ്സിൽ വിചാരിച്ചു; എനിക്കതിന് എപ്പോഴും ഒരുങ്ങാമല്ലോ, സാധനസാമഗ്രികളെല്ലാം എന്റെ കൈയിലുണ്ടല്ലോ.' അദ്ദേഹം പറയുന്നു: 'രാവും പകലും ഈ വിചാരത്തോടെ ഞാൻ ഇരുന്നു. ആളുകളെല്ലാം തയ്യാറെടുപ്പുകൾ നടത്തിക്കഴിഞ്ഞു. ഒരു പ്രഭാതത്തിൽ നബി(സ)തിരുമേനിയും സൈന്യവും യാത്ര പുറപ്പെട്ടു. ഞാനാവട്ടെ ഒരുക്കങ്ങളൊന്നും പൂർത്തിയാക്കിയിട്ടില്ല. അവർ പോയാലും ഒന്നോ രണ്ടോ ദിവസങ്ങൾക്കകം ഒരുക്കങ്ങൾ പൂർത്തിയാക്കി അവരോടൊപ്പമെത്താമെന്ന് ഞാൻ മനസ്സിൽ കരുതി. കാരണം യാത്രാവാഹനം എന്റെ കൈയിലുണ്ടായിരുന്നതുകൊണ്ട് വേഗം അവരോടൊപ്പം എത്താൻ കഴിയുമെന്നാണ് ഞാൻ വിചാരിച്ചത്.' അദ്ദേഹം പറയുന്നു: 'അവർ പോയതിനുശേഷം രണ്ടാം ദിവസം പ്രഭാതത്തിൽ പോയി തയ്യാറാകാമെന്ന് കരുതി. എന്നാൽ, തിരിച്ചുപോന്നു. പിന്നീട് മൂന്നാം ദിവസവും പോയി. തിരിച്ചുവന്നു. ഒരു തീരുമാനവും എടുക്കാൻ കഴിഞ്ഞില്ല. എന്റെ സ്ഥിതി ഈ വിധമായിരിക്കെ അവർ എന്നിൽനിന്ന് വളരെ അകലത്തിലാകുകയും എനിക്ക് ആ യുദ്ധത്തിൽ പങ്കെടുക്കാനാവാതെ അവസരം നഷ്ടപ്പെടുകയും ചെയ്തു. ഞാൻ വേഗത്തിൽ അവരോടൊപ്പം എത്താൻ ആലോചിച്ചു. അങ്ങനെ ചെയ്തിരുന്നെങ്കിൽ! പക്ഷേ, എനിക്കതിനു കഴിഞ്ഞില്ല. നബി(സ)തിരുമേനി യുദ്ധത്തിനുപുറപ്പെട്ടതിനുശേഷം ഞാൻ പുറത്തിറങ്ങി ആളുകൾക്കിടയിലൂടെ നടക്കുമ്പോൾ കണ്ട സ്ഥിതി എന്നെ വല്ലാതെ ദുഃഖിപ്പിച്ചു. കാപട്യം ആരോപക്കപ്പെട്ടവരേയും ദുർബലരാണെന്ന കാരണത്താൽ അല്ലാഹു ഇളവ് അനുവദിച്ചവരേയുമല്ലാതെ മറ്റാരേയും എനിക്കു കാണാൻ കഴിഞ്ഞില്ല.' കഅ്ബ്(റ)പറയുന്നു: 'ഞാൻ മദീനയിലെ ഇടവഴികളിൽ ഇറങ്ങുമ്പോൾ പൊതുവെ കാപട്യമുണ്ടെന്ന് പറയുന്നവരല്ലാതെയോ വൈകല്യംകൊണ്ട് അല്ലാഹു ഇളവ് അനുവദിച്ചവരെയല്ലാതെയോ മനസിൽ കാപട്യമുള്ള ഭീരുക്കളേയോ അല്ലാതെ മറ്റാരേയും കണ്ടിരുന്നില്ല.' അദ്ദേഹം പറയുന്നു: 'തബൂക്കിലെത്തുന്നതുവരെ എന്നെ കുറിച്ച് നബി(സതിരുമേനി ഓർത്തിരുന്നില്ല. തബൂക്കിൽ ജനങ്ങളോടൊപ്പമിരിക്കവെ അവിടന്ന് ചോദിച്ചു:'കഅ്ബിന് എന്തുപറ്റി?' അപ്പോൾ ബനൂസലമക്കാരനായ ഒരാൾ പറഞ്ഞു:'അലങ്കാര വസ്തുക്കളും അഹന്തയും അദ്ദേഹത്തെ തടഞ്ഞിരിക്കുന്നു.' അപ്പോൾ മുആദുബ്നു ജബൽ(റ)പറഞ്ഞു: 'നീ പറഞ്ഞത് വളരെ മോശം. അല്ലാഹുവിന്റെ റസൂലേ!അദ്ദേഹത്തെ കുറിച്ച് നല്ലതല്ലാത്തതൊന്നും ഞങ്ങൾക്കറിയുകയില്ല. അപ്പോൾ നബി(സ)തിരുമേനി മൗനം പാലിച്ചു.'

ഹദ്റത്ത് കഅബ് ബിൻ മാലിക്(റ) പറയുന്നു: 'നബി(സ)തിരുമേനി മടക്കയാത്ര തുടങ്ങിയെന്ന വിവരം എനിക്കു ലഭിച്ചപ്പോൾ എനിക്ക് ആധിയായി. കള്ളം പറഞ്ഞാലോ എന്ന് ഞാൻ ആലോചിച്ചു. നാളെ നബി(സ)തിരുമേനിയുടെ കോപത്തിൽനിന്ന് രക്ഷപ്പെടാൻ ഓരോന്ന് ആലോചിച്ചുകൊണ്ടിരുന്നു. എന്റെ കുടുംബത്തിലെ ബുദ്ധിമാന്മാരോടു അതിനെക്കുറിച്ച് ഞാൻ കൂടിയാലോചിച്ചു. നബി(സ)തിരുമേനി വന്നെത്തി കഴിഞ്ഞുവെന്ന് ഞാനറിഞ്ഞപ്പോൾ തെറ്റായ നിലയിൽ രക്ഷപ്പെടാനുള്ള ചിന്തകളൊക്കെ എന്നിൽനിന്ന് പോയിമറഞ്ഞു. കള്ളം പറഞ്ഞുകൊണ്ട് ഒരിക്കലും രക്ഷപ്പെടാൻ കഴിയുകയില്ലെന്ന് ഞാൻ മനസ്സിലാക്കി. അതിനാൽ സത്യം തുറന്നു പറയാൻതന്നെ തീരുമാനിച്ചു. നബി(സ)തിരുമേനി വന്നു കഴിഞ്ഞു. അവിടന്ന് യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയാൽ മസ്ജിദിൽ പ്രവേശിച്ച് രണ്ട് റക്അത്ത് നമസ്കരിച്ചുകൊണ്ടാണ് ആരംഭിക്കുക. നമസ്കാരം കഴിഞ്ഞ് ആളുകളോടു സംസാരിക്കാൻ ഇരിക്കും. അങ്ങനെ അന്നും അപ്രകാരം ചെയ്തു. യുദ്ധത്തിൽ പങ്കെടുക്കാതെ മാറിനിന്നവർ തങ്ങളുടെ ഒഴികഴിവുകൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ വന്ന് ആണയിട്ട് ബോധിപ്പിച്ചുകൊണ്ടിരുന്നു. അവർ 80-ൽപരം ആളുകളുണ്ടായിരുന്നു. അവരുടെ ബാഹ്യമായ പറച്ചിലുകൾ നബി(സ)തിരുമേനി അംഗീകരിക്കുകയും അവരിൽനിന്ന് ബയ്അത്ത് സ്വീകരിക്കുകയും അവരുടെ പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുകയും ചെയ്തു. അവരുടെ രഹസ്യങ്ങൾ അല്ലാഹുവിലേക്ക് വിട്ടു.

'അങ്ങനെ ഞാനും നബി(സ)തിരുമേനിയുടെ അടുത്തുചെന്നു. സലാം ചൊല്ലി. നബി(സ) തിരുമേനി ദേഷ്യം കലർന്ന ഭാവത്തിൽ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു:'വരൂ.' ഞാൻ ചെന്ന് നബി(സ)തിരുമേനിയുടെ സമീപത്തിരുന്നു. എന്നോടു ചോദിച്ചു: 'എന്തേ യുദ്ധത്തിൽനിന്ന് മാറിനിന്നത്? വാഹനം വാങ്ങിയിട്ടുണ്ടായിരുന്നില്ലേ?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണ! ഞാൻ ഈ ലോകത്തെ മറ്റാരുടെ എങ്കിലും മുമ്പിലാണ് ഇരിക്കുന്നതെങ്കിൽ അയാളുടെ കോപത്തിൽനിന്ന് രക്ഷപ്പെടാനുള്ള കാരണം ബോധിപ്പിക്കാൻ എനിക്കു തീർച്ചയായും സാധിക്കും. അതിനുള്ള വാഗ്‌വൈഭവം എനിക്കുണ്ട്. എന്നാൽ, അല്ലാഹുവാണ! എന്നെ തൃപ്തിപ്പെടാവുന്ന വിധം ഒരു കള്ളം പറഞ്ഞ് ഞാൻ രക്ഷപ്പെട്ടാൽത്തന്നെയും ഭാവിയിൽ അല്ലാഹു താങ്കളെ എന്നോടു വെറുപ്പുള്ളവനാക്കിത്തീർക്കും എന്നെനിക്ക് നന്നായിട്ട് അറിയാം. എന്നാൽ, ഞാൻ സത്യം പറയുന്നപക്ഷം താങ്കൾക്കെന്നോടു കോപം ഉണ്ടാകുകയും ചെയ്യും. അല്ലാഹുവിൽനിന്നുള്ള മാപ്പ് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹുവാണ! എനിക്ക് യുദ്ധത്തിന് വരാതിരിക്കാൻ ഒരു തടസവും ഉണ്ടായിട്ടില്ല. അങ്ങയിൽനിന്ന് ഞാൻ മാറിനിന്ന അവസരത്തിലേതുപോലുള്ള സാമ്പത്തിക സൗകര്യമോ ആരോഗ്യശക്തിയോ എനിക്ക് മറ്റൊരിക്കലും ഉണ്ടായിട്ടില്ല.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'ഇദ്ദേഹം സത്യം പറഞ്ഞു. കഅ്ബേ! എഴുന്നേൽക്കൂ. താങ്കളുടെ കാര്യം അല്ലാഹു തീരുമാനിക്കും.' ബനൂസലമക്കാരായ ചിലയാളുകൾ എന്റെ പിറകെ ക്ഷുഭിതരായി വന്നു. അവർ പറഞ്ഞു: 'അല്ലാഹുവാണ! മുമ്പേയൊരിക്കലും താങ്കൾ തെറ്റു ചെയ്തതായി ഞങ്ങൾക്കറിഞ്ഞുകൂടാ. യുദ്ധത്തിൽ പങ്കെടുക്കാതെ മാറിനിന്നവർ കാരണം ബോധിപ്പിച്ചതുപോലെ, എന്തെങ്കിലും കാരണം നബി(സ)തിരുമേനിയോടു പറഞ്ഞ് രക്ഷപ്പെടാൻ താങ്കൾ അശക്തനായിപ്പോയല്ലോ! താങ്കൾ ചെയ്ത തെറ്റിന് നബി(സ)തിരുമേനിയുടെ പാപമോചന പ്രാർഥന പരിഹാരമാകുമായിരുന്നുവല്ലോ!' അവർ എന്നെ ഇവ്വിധം അധിക്ഷേപിച്ചുകൊണ്ടിരുന്നു. നബി(സ)തിരുമേനിയുടെ അടുത്ത് മടങ്ങിച്ചെന്ന് താൻ പറഞ്ഞത് കളവാണെന്ന് പറഞ്ഞാലോ എന്നുവരെ ഞാൻ ചിന്തിച്ചുപോയി. ഞാൻ അവരോടു ചോദിച്ചു: 'എന്റെ കൂടെ മറ്റാർക്കെങ്കിലും ഇതേ അനുഭവം ഉണ്ടായിട്ടുണ്ടോ?' അവർ പറഞ്ഞു: 'ഉണ്ട്. രണ്ടുപേരുണ്ട്. അവരും താങ്കൾ പറഞ്ഞതുപോലെ പറഞ്ഞു. അപ്പോൾ താങ്കളോടു പറയപ്പെട്ടതുപോലെ അവരോടും പറയപ്പെട്ടു.' ഞാൻ ചോദിച്ചു: 'ആരാണവർ?' അവർ പറഞ്ഞു:'മുറാറത്തുബ്നു റബീഉൽ അംരിയ്യും ഹിലാലുബ്നു ഉമയ്യത്തുൽ വാഖിഫിയും.' ഹദ്റത്ത് കഅബ് പറയുന്നു: 'ബദ്റിൽ പങ്കെടുത്ത രണ്ട് നല്ലവരായ ആളുകളുടെ പേരുകളാണ് അവർ എന്നോട് പറഞ്ഞത്. അവരിരുവരും എനിക്ക് മാതൃകാപുരുഷന്മാരുമായിരുന്നു. അവരെക്കുറിച്ച് പറയപ്പെട്ടപ്പോൾ ഞാൻ അവിടെ നിന്ന് അവരുടെ അടുത്തേക്ക് പോയി. നബി(സ)തിരുമേനിയോടൊപ്പം യുദ്ധത്തിനു പോകാതെ മാറിനിന്ന ഞങ്ങൾ മൂന്നുപേരോടു സംസാരിക്കുന്നത് നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോടു വിലക്കിയിരുന്നു.

മറ്റു രണ്ടുപേരും ഉണ്ടെന്ന് അറിഞ്ഞപ്പോൾ അവരിരുവരും യഥാർഥത്തിൽ നല്ലവരാണെന്ന് എനിക്കു തോന്നി. ബദ്റിലും അവർ പങ്കെടുത്തുകഴിഞ്ഞവരാണ്. അതുകൊണ്ട് ഞാൻ ഇനി അവരോടൊപ്പം നില്ക്കുന്നതായിരിക്കും. തെറ്റായ ഒന്നും ചെയ്യുകയില്ല.' അദ്ദേഹം പറയുന്നു, 'ഞാൻ പോയി. അതിന്നിടയിൽ ഞങ്ങൾ മൂന്നുപേരോടു സംസാരിക്കുന്നത് നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോടു വിലക്കിയിരുന്നു. അതായത് ഒരു തരത്തിലുള്ള മുഖാത്ത്വിഅ(സംസാരവിലക്ക്) ഉണ്ടായി. നബി(സ)തിരുമേനിയുടെ കൂടെപ്പോകാതെ പിന്നിൽനിന്നവരിൽനിന്ന് ആളുകൾ അകലം പാലിച്ചു. ഞങ്ങളോടു തികച്ചും അപരിചിതരായി പെരുമാറി. അവരെ വിലക്കിയപ്പോൾ ഞങ്ങളുടെ അടുത്ത് അവർ വരികപോലും ചെയ്തില്ല. ഞങ്ങളെ അറിയാത്തതുപോലെ ഞങ്ങളിൽനിന്ന് രക്ഷപ്പെട്ടുനിന്നു. അതിനാൽ ഈ ഭൂപ്രദേശം എനിക്ക് അപരിചിതമായിത്തോന്നി. ഈ പ്രദേശം ഞാൻ അറിയുന്നതല്ലെന്നപോലെ! ഞങ്ങൾ ആ അവസ്ഥയിൽ 50 ദിവസം കഴിച്ചുകൂട്ടി. എന്നാൽ, എന്റെ രണ്ടു കൂട്ടുകാരാവട്ടെ പുറത്തിറങ്ങാതെ വീട്ടിലിരുന്ന് കരഞ്ഞുകൊണ്ടിരുന്നു. യുവാവും ധീരമനസ്കനുമായ ഞാൻ പുറത്തിറങ്ങുകയും മുസ്‌ലിമീങ്ങ

ളുടെ കൂടെ നമസ്കാരത്തിൽ പങ്കെടുക്കുകയും തെരുവീഥികളിലൂടെ സഞ്ചരിക്കുകയും ചെയ്തു. എന്നോട് ആരും സംസാരിക്കാറില്ല. ഞാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽചെല്ലും. സലാം ചൊല്ലും. അവിടന്ന് സലാം മടക്കാനായി ചുണ്ടനക്കിയോ ഇല്ലേ എന്ന് ഞാൻ മനസ്സിൽ ചോദിക്കും. പിന്നെ നബി(സ)തിരുമേനിയുടെ അടുത്തുനിന്ന് നമസ്കരിക്കും. ഞാൻ നബി (സ)തിരുമേനിയെ ഇടംകണ്ണിട്ട് നോക്കും. ഞാൻ നമസ്കാരത്തിലായാൽ നബി(സ)തിരുമേനി എന്റെ നേരെ നോട്ടമിടും. നബി(സ)തിരുമേനിയുടെ നേരെ ഞാൻ നോക്കിയാൽ എന്നിൽനിന്ന് അവിടന്ന് മുഖം തിരിക്കും. അങ്ങനെ ജനങ്ങളുടെ നിസഹകരണം നീണ്ടുപോയപ്പോൾ ഞാൻ നടന്നുചെന്ന് അബൂഖത്താദയുടെ മതിൽ കയറിക്കടന്ന് അകത്ത് പ്രവേശിച്ചു. അദ്ദേഹം എന്റെ പിതൃവ്യപുത്രനാണ്. എനിക്ക് ഏറ്റവും പ്രിയങ്കരനുമാണ്. ഞാൻ അദ്ദേഹത്തോടു സലാം ചൊല്ലി. അല്ലാഹുവാണ! അദ്ദേഹം സലാം മടക്കിയില്ല! ഞാൻ ചോദിച്ചു: 'അബൂഖത്താദാ! അല്ലാഹുവിന്റെ പേരിൽ ഞാൻ ചോദിക്കട്ടെ. ഞാൻ അല്ലാഹുവിനേയും അവന്റെ ദൂതനേയും ഇഷ്ടപ്പെടുന്നുണ്ടെന്ന് താങ്കൾക്കറിഞ്ഞുകൂടേ?' അദ്ദേഹം ഒന്നും മിണ്ടിയില്ല. ഞാൻ ചോദ്യം ആവർത്തിച്ചു. അപ്പോഴും ഒന്നും മിണ്ടിയില്ല. പിന്നേയും ഞാൻ ചോദ്യമാവർത്തിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനും അവന്റെ ദൂതനുമറിയാം.' അപ്പോഴേക്കും എന്റെ കണ്ണീരൊഴുകാൻ തുടങ്ങി. ഞാൻ മതിൽ കയറി തിരിച്ചുവന്നു.' കഅ്ബ് പറയുന്നു: 'ഞാൻ മദീനയിലെ അങ്ങാടിയിലൂടെ നടന്നുപോകുമ്പോൾ മദീനയിൽ വന്ന് ഭക്ഷണസാധനങ്ങൾ വില്ക്കുന്ന സിറിയക്കാരനായ ഒരു കർഷകൻ ഇങ്ങനെ ചോദിക്കുന്നുണ്ടായിരുന്നു: 'കഅ്ബ് ബിൻ മാലിക് ആരാണെന്ന് എനിക്ക് കാണിച്ചു തരാമോ?' ആളുകൾ എന്റെ നേരെ ചൂണ്ടിക്കാണിച്ചു. അയാൾ എന്റെ അടുത്തുവന്ന് ഗസ്സാൻ രാജാവിന്റെ ഒരു കത്ത് എനിക്കു തന്നു. ഞാനതിൽ ഇങ്ങനെ വായിച്ചു:'എന്നാൽ, താങ്കളുടെ കൂട്ടുകാരൻ താങ്കളെ തിരസ്കരിച്ച വിവരം ഞാൻ അറിഞ്ഞു. അല്ലാഹു ഒരിക്കലും താങ്കളെ നിന്ദ്യതയുടേയോ നഷ്ടത്തിന്റേയോ സങ്കേതത്തിലാക്കിയിട്ടില്ല. ഞങ്ങളുടെ അടുത്തേക്ക് വരൂ, ഞങ്ങൾ താങ്കൾക്ക് ആശ്വാസം പകരാം.' അതു വായിച്ചുകഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: 'ഇതും ഒരു പരീക്ഷണം തന്നെ! ഞാൻ അത് അടുപ്പിലിട്ട് കത്തിച്ചുകളഞ്ഞു.'

അമ്പതിൽ നാല്പതു ദിവസം പിന്നിട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞയച്ച ഒരു ദൂതൻ എന്റെ അടുത്ത് വന്ന് പറഞ്ഞു: 'നബി(സ)തിരുമേനി താങ്കളോടു ഭാര്യയിൽനിന്ന് അകന്നു നില്ക്കാൻ നിർദേശിച്ചിരിക്കുന്നു.' അപ്പോൾ ഞാൻ ചോദിച്ചു: 'ഞാൻ അവളെ ത്വലാഖ് ചെയ്യണോ? അതോ എന്താണ് വേണ്ടത്?' അദ്ദേഹം പറഞ്ഞു, 'വേണ്ട അവളെ വിട്ടുനിന്നാൽമതി. അവളെ സമീപിക്കരുത്.' ഇതേ സന്ദേശവുമായി എന്റെ മറ്റു രണ്ടുകൂട്ടുകാരുടെ അടുത്തേക്കും ആളെ അയച്ചിരുന്നു. അപ്പോൾ ഞാൻ എന്റെ ഭാര്യയോടു പറഞ്ഞു, 'നീ വീട്ടിലേക്ക് പോകുക. അല്ലാഹു ഒരു തീരുമാനം എടുക്കുന്നതുവരെ നീ അവിടെ താമസിക്കുക.'

കഅ്ബ്(റ) പറയുന്നു: 'ആ നേരത്ത് ഹിലാലുബ്നു ഉമയ്യയുടെ ഭാര്യ നബി(സ)തിരുമേനിയുടെ അടുത്ത് വന്ന് പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ! ഹിലാലുബ്നു ഉമയ്യ വൃദ്ധനും അവശനുമാണ്. അദ്ദേഹത്തിന് പരിചാരകനില്ല. ഞാൻ അദ്ദേഹത്തെ പരിചരിക്കുന്നത് അങ്ങ് വെറുക്കുന്നുണ്ടോ?' അവിടന്ന് പറഞ്ഞു: 'ഇല്ല. പക്ഷേ, അദ്ദേഹം നിന്നെ സമീപിക്കരുത്.' അവൾ പറഞ്ഞു: 'അല്ലാഹുവാണ! അദ്ദേഹത്തിന് അങ്ങനെയുള്ള കാര്യത്തിലൊന്നും ഒരു താൽപര്യവുമില്ല. ആ സംഭവം ഉണ്ടായ നാൾ മുതൽ ഇതുവരേയും അദ്ദേഹം കരഞ്ഞുകൊണ്ട് കഴിഞ്ഞുകൂടുകയാണ്.' അപ്പോൾ എന്റെ കുടുംബത്തിലെ ചിലയാളുകൾ എന്നോടു പറഞ്ഞു: 'താങ്കളുടെ ഭാര്യയുടെ കാര്യത്തിൽ അല്ലാഹുവിന്റെ റസൂലിനോടു അനുവാദം ചോദിച്ചുകൂടേ? ഹിലാലുബ്നു ഉമയ്യുടെ ഭാര്യക്ക് അദ്ദേഹത്തെ പരിചരിക്കാൻ അനുവാദം കിട്ടിയല്ലോ?' അപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! അവളുടെ കാര്യത്തിൽ നബി(സ)തിരുമേനിയോടു ഞാൻ അനുവാദം ചോദിച്ചാൽ അവിടന്ന് എന്തു പറയുമെന്ന് എനിക്കറിഞ്ഞുകൂടാ.' പിന്നേയും ഞാൻ 10 ദിവസംകൂടി കഴിച്ചുകൂട്ടി. ഞങ്ങളോടു സംസാരിക്കുന്നത് നബി(സ)തിരുമേനി വിലക്കിയിട്ട് 50 ദിവസം പൂർത്തിയായി.

അമ്പതാം ദിവസം ഞാൻ പ്രഭാതനമസ്കാരാനന്തരം ഞങ്ങളുടെ വീടിന്റെ മുകളിൽ ഇരിക്കുകയായിരുന്നു. അല്ലാഹു വിവരിച്ചതുപോലുള്ള ആ അവസ്ഥയിൽ ഞാൻ ഇരിക്കുമ്പോൾ–മനസ്സിടുങ്ങിയും വിശാലമായ ഭൂമി കുടുസ്സായും അനുഭവപ്പെട്ടുകൊണ്ട്–സൽഅ് പർവ്വതത്തിന്റെ മുകളിൽനിന്ന് ഒരാൾ അത്യുച്ചത്തിൽ വിളിച്ചു പറയുന്ന ശബ്ദം ഞാൻ കേട്ടു: "കഅ്ബ് ബിൻ മാലിക് സന്തോഷിച്ചുകൊള്ളുക!" അദ്ദേഹം പറയുന്നു:'അപ്പോൾ ഞാൻ സുജൂദിൽ വീണു. എന്റെ പ്രശ്നത്തിൽ മോചനം കൈവന്നതായി ഞാൻ മനസ്സിലാക്കി. പ്രഭാത നമസ്കാരം നിർവഹിച്ചു കഴിഞ്ഞപ്പോൾ ഞങ്ങളുടെ തൗബ അല്ലാഹു സ്വീകരിച്ച വിവരം നബി(സ)തിരുമേനി അറിയിച്ചിട്ടുണ്ടായിരുന്നു. അപ്പോൾ ജനങ്ങൾ ഞങ്ങളെ സന്തോഷം അറിയിക്കാനായി പോയിക്കൊണ്ടിരുന്നു. എന്റെ സ്നേഹിതന്മാരുടെ അടുത്തേക്കും സുവിശേഷം അറിയിക്കുന്നവർ കുതിച്ചു. ഒരാൾ തന്റെ കുതിരയെ ഓടിച്ചുകൊണ്ട് എന്റെ അടുത്തുവന്നു. അസ്‌ലം ഗോത്രത്തിലെ ഒരാൾ നടന്നുവന്ന് മലമുകളിൽ കയറി. കുതിരയുടെ വേഗത്തെക്കാൾ വേഗത്തിൽ ശബ്ദമെത്തുമല്ലോ. ഞാൻ കേട്ട ശബ്ദത്തിന്റെ ഉടമ എന്റെ അടുത്തു വന്ന് സന്തോഷവാർത്ത അറിയിച്ചപ്പോൾ എന്റെ കുപ്പായം അഴിച്ച് അദ്ദേഹത്തെ ധരിപ്പിച്ചു. അല്ലാഹുവാണ! ആ രണ്ടു വസ്ത്രമല്ലാതെ മറ്റൊരു വസ്ത്രവും അന്ന് എനിക്കുണ്ടായിരുന്നില്ല. എന്നിട്ട് ഞാൻ വേറെ രണ്ടു വസ്ത്രം കടം വാങ്ങി. അത് ധരിച്ച് നബി(സ)തിരുമേനിയുടെ അടുത്തേക്ക് പോയി. ആളുകൾ എന്നെ സംഘം സംഘമായി സ്വീകരിച്ചു. അവർ പറഞ്ഞു:താങ്കളുടെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചതിനാൽ എല്ലാവിധ അഭിനന്ദനങ്ങളും. കഅ്ബ് പറയുന്നു: അവസാനം ഞാൻ മസ്ജിദിലെത്തി. അപ്പോൾ അല്ലാഹുവിന്റെ റസൂൽ അവിടെ ഇരിക്കുന്നുണ്ട്. ചുറ്റും ആളുകളുണ്ട്. അപ്പോൾ ത്വൽഹത്ത് ബിൻ ഉബയ്ദില്ലാഹ് എഴുന്നേറ്റ് ഓടിവന്ന് എന്നെ ഹസ്തദാനം ചെയ്യുകയും എന്നെ അനുമോദിക്കുകയും ചെയ്തു. അല്ലാഹുവാണ! മുഹാജിറുകളുടെ കൂട്ടത്തിൽനിന്ന് അദ്ദേഹമല്ലാതെ മറ്റാരും എഴുന്നേറ്റു വന്നില്ല. ത്വൽഹത്തിന്റെ ആ നടപടി ഞാൻ ഒരിക്കലും മറക്കുകയില്ല. കഅ്ബ് പറയുന്നു: 'ഞാൻ അല്ലാഹുവിന്റെ റസൂലിനോടു സലാം പറഞ്ഞപ്പോൾ അവിടത്തെ മുഖം സന്തോഷത്താൽ തിളങ്ങുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'താങ്കളുടെ മാതാവ് പ്രസവിച്ച നാൾ മുതൽ ഇന്നുവരെയുള്ള നാളുകളിൽവച്ച് ഏറ്റവും ശ്രേഷ്ഠമായ ദിവസം കൈവന്നതിൽ സന്തോഷിച്ചുകൊള്ളുക.' ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! ഈ നടപടി താങ്കളുടെ പക്കൽനിന്നുള്ളതാണോ അതോ അല്ലാഹുവിന്റെ പക്കൽനിന്നോ? നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹുവിന്റെ പക്കൽ നിന്നു തന്നെ.' നബി(സ)തിരുമേനിക്ക് സന്തോഷമുണ്ടായാൽ ചന്ദ്രപാളി കണക്കെ അവിടത്തെ മുഖം തിളങ്ങിക്കൊണ്ടിരിക്കുകയും ഞങ്ങളത് മനസ്സിലാക്കുകയും ചെയ്തിരുന്നു. ഞാൻ നബി(സ) തിരുമേനിയുടെ അടുത്തിരുന്നപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എന്റെ പശ്ചാത്താപത്തിന്റെ ഭാഗമായി എന്റെ സമ്പത്തുമുഴുവൻ അല്ലാഹുവിനും അവന്റെ ദൂതനും സമർപിക്കാൻ ആഗ്രഹിക്കുകയാണ്. അവിടന്ന് പറഞ്ഞു: താങ്കളുടെ സമ്പത്തിലെ ഒരു ഭാഗം കൈവശം വെക്കുക. അത് താങ്കൾക്ക് ഗുണകരമായിരിക്കും. ഞാൻ പറഞ്ഞു: ഖയ്ബറിലെ എന്റെ സമ്പത്തിലെ പങ്ക് ഞാൻ കൈവശം വെച്ചുകൊള്ളാം. ഞാൻ തുടർന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! എന്നെ രക്ഷപ്പെടുത്തിയത് ഞാൻ സത്യം പറഞ്ഞതുകൊണ്ടാണ്. എന്റെ പശ്ചാത്താപത്തിന്റെ ഭാഗമായി മേലിൽ ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും സത്യമല്ലാതെ പറയുകയില്ല. തീർച്ചയായും ഞാൻ അല്ലാഹുവിന്റെ റസൂലിനോടു സത്യം തുറന്നു പറഞ്ഞ നാൾമുതൽ സത്യസന്ധതയുടെ പേരിൽ എന്നെക്കാൾ കൂടുതൽ പരീക്ഷണവിധേയനായ മറ്റാരേയും ഞാൻ അറിയുകയില്ല. നബി(സ)തിരുമേനിയോടു സത്യം തുറന്നു പറഞ്ഞതുമുതൽ പിന്നെ മനഃപൂർവം ഇന്നുവരെ ഞാൻ കളവു പറഞ്ഞിട്ടുമില്ല. ശിഷ്ടകാലം അല്ലാഹു എന്നെ കാത്തുരക്ഷിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുന്നു. അല്ലാഹു നബി(സ)തിരുമേനിക്ക് ഇപ്രകാരം അവതരിപ്പിച്ചു:

തീർച്ചയായും പ്രവാചകന്റേയും അതിസന്നിഗ്ദമായ ഒരു ഘട്ടത്തിൽ അദ്ദേഹത്തെ പിന്തുടർന്നവരായ മുഹാജിറുകളുടേയും അൻസ്വാരിന്റേയും നേരെ അല്ലാഹു കനിഞ്ഞു മടങ്ങിയിരിക്കുന്നു; അവരിൽനിന്ന് ഒരു വിഭാഗത്തിന്റെ ഹൃദയങ്ങൾ തെറ്റിപ്പോകുമാറായതിനുശേഷം. എന്നിട്ട് അല്ലാഹു അവരുടെ നേരെ കനിഞ്ഞു മടങ്ങി. തീർച്ചയായും അവൻ അവരോടു ഏറെ

**ഹദീഥുന്നബവി (സ):**

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

**കലാമുൽ ഇമാം:-**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

കൃപയുള്ളവനും കരുണാ നിധിയുമാകുന്നു.

പറയുന്നു: അല്ലാഹുവാണ! ഇസ്‌ലാമിലേക്ക് അല്ലാഹു എനിക്ക് നേർവഴി കാണിച്ചുതന്ന ശേഷം, അല്ലാഹുവിന്റെ റസൂലിനോടു സത്യം പറഞ്ഞതിനെക്കാൾ മഹത്തരമായ ഒരു അനുഗ്രഹവും അല്ലാഹു എനിക്ക് പ്രദാനം ചെയ്തിട്ടില്ല. ഞാൻ നബി(സ)തിരുമേനിയോടു കളവു പറഞ്ഞിരുന്നുവെങ്കിൽ കളവ് പറഞ്ഞവർ നശിച്ചതുപോലെ ഞാനും നശിക്കുമായിരുന്നു. വഹ്‌യ് അവതരിച്ചപ്പോൾ കള്ളം പറഞ്ഞവരെ പറ്റി മറ്റാരെ കുറിച്ചും പറയാത്തത്ര ഗൗരവമായ വാക്കാണ് അല്ലാഹു പ്രയോഗിച്ചത്. അല്ലാഹു പറഞ്ഞു: 'നിങ്ങൾ അവരുടെ അടുത്തേക്ക് തിരിച്ചു ചെന്നാൽ നിങ്ങളോടു അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യും. നിങ്ങൾ അവരെവിട്ട് ഒഴിഞ്ഞുകളയാൻ വേണ്ടിയത്രെ അത്. അതുകൊണ്ട് നിങ്ങൾ അവരെ ഒഴിവാക്കി വിട്ടേക്കുക. തീർച്ചയായും അവർ വൃത്തികെട്ടവരാകുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനുള്ള പ്രതിഫലമായി നരകമാകുന്നു അവരുടെ സങ്കേതം. നിങ്ങളോടു അവർ സത്യം ചെയ്യുന്നത് നിങ്ങൾ അവരെ പറ്റി തൃപ്തരാകുവാൻ വേണ്ടിയാണ്. ഇനി നിങ്ങൾ അവരെ പറ്റി തൃപ്തിയായാൽതന്നെയും അല്ലാഹു അധർമകാരികളായ ജനങ്ങളെ പറ്റി തൃപ്തിപ്പെടുകയില്ല തീർച്ച.

ഹദ്റത്ത് കഅ്ബ് പറയുന്നു: 'യുദ്ധത്തിൽ പങ്കെടുക്കാതെ വിട്ടുനിന്നതിന് ഒഴികഴിവുകൾ പറഞ്ഞുകൊണ്ട് പിന്നീട് ചിലർ നബി(സ)തിരുമേനിയുടെ അടുക്കൽച്ചെന്ന് സത്യം ചെയ്യുകയും അപ്പോൾ നബി(സ)തിരുമേനി അവരുടെ പക്കൽനിന്ന് അനുസരണപ്രതിജ്ഞ വാങ്ങുകയും തുടർന്ന് അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തു. ആ ആളുകളുടെ കാര്യങ്ങൾ അവസാനിപ്പിച്ച ശേഷവും ഞങ്ങൾ മൂന്നുപേരുടേയും കാര്യം നീട്ടിവച്ചു. *വ അലഥ്ഥലാഥത്തില്ലദീന ഖുല്ലിഫൂ*(9:118) പിന്തിച്ചു നിറുത്തപ്പെട്ട മൂന്നുപേർ എന്ന് അല്ലാഹു പറഞ്ഞത് ഞങ്ങളീ മൂന്നുപേരെക്കുറിച്ചാണ്.'

പറയുന്നു: 'അല്ലാതെ ഞങ്ങൾ യുദ്ധത്തിൽ പങ്കെടുക്കാതെ വിട്ടു നിന്നതിനെ കുറിച്ചല്ല. സത്യം ചെയ്യുകയും പ്രതിബന്ധങ്ങൾ പറയുകയും ചെയ്തപ്പോൾ അത് സ്വീകരിക്കപ്പെട്ട ആളുകളുടേതിൽനിന്ന് ഭിന്നമായി ഞങ്ങളുടെ കാര്യം നീട്ടി വെച്ചതിനെക്കുറിച്ചാണ് അങ്ങനെ പറഞ്ഞത്.(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി, ബാബു ഹദീഥു കഅ്ബ് ബിൻ മാലിക് ഹദീഥ് 4418)(ഫർഹങ്കെ സീറത്ത് പേജ് 153, പ്രസാധകർ സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി)

ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യ അമീർ മുആവിയായുടെ ഭരണകാലത്ത് വഫാത്തായി.(അൽ ഇസ്വാബ ഫീ തമീസിസ്സഹാബ വാള്യം 6 പേജ് 428, ഹിലാൽ ബിൻ ഉമയ്യ,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005)

തബൂക് യുദ്ധത്തെ കുറിച്ച് മറ്റൊരു ചെറിയ നോട്ടുംകൂടിയുണ്ട്. അതും പറയുകയാണ്. മുമ്പേ പറഞ്ഞു കഴിഞ്ഞതുമാണ്. ഒരിക്കൽക്കൂടി ചുരുക്കിപ്പറയാം. തബൂക് മദീനയിൽനിന്ന് ശാമിലെ രാജവീഥിയിലാണുള്ളത്. കച്ചവട സംഘങ്ങൾ പൊതുവെ അതിലൂടെയാണ് കടന്നുപോകാറുള്ളത്. ഇത് വാദിയുൽ ഖുറായുടേയും ശാമിന്റേയും ഇടയിലുള്ള ഒരു നഗരമാണ്. അതിനെ അസ്ഹാബുൽ ഐക്കത്തിന്റെ നഗരമെന്നും പറയപ്പെട്ടിട്ടുണ്ട്. അവരിലേക്കാണ് ഹദ്റത്ത് ശുഅയ്ബ്(അ) നിയോഗിതനായത്. ഹദ്റത്ത് ശുഅയ്ബ്(അ) മദ്‌യൻ കാരനായിരുന്നു. അദ്ദേഹം മദ്‌യനോടൊപ്പം അസ്ഹാബുൽ ഐക്കത്തിലേക്കുമാണ് നിയോഗിതനായത്. (മുഅ്ജമുൽബുൽദാൻ വാള്യം 2, പേജ് 17, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

മദീനയിൽനിന്ന് അവിടേക്കുള്ള ദൂരം ഏകദേശം 375 മൈലാണ്. തബൂക് യുദ്ധത്തിന് മറ്റുപേരുകളുമുണ്ട്. അതിനെ ഗസ്‌വത്തുൽ ഉസ്റഹ് അല്ലെങ്കിൽ ജയ്ശുൽ ഉസ്റഹ് എന്നും പറയുന്നു. അതായത് ബുദ്ധിമുട്ടായ യുദ്ധം, ബുദ്ധിമുട്ടായ സൈന്യം. ഗസ്‌വത്തുൽ ഫാളിഹ എന്നും പറയപ്പെടുന്നു. കപടവിശ്വാസികളെ നിന്ദിതരും അപമാനിതരുമാക്കുന്ന യുദ്ധം. (ശറഹ് അൽഅല്ലാമാ അസ്സുർഖാനി അലൽ മവാഹിബില്ലദുന്നിയ്യ വാള്യം 4, പേജ് 66, ഥുമ്മ ഗസ്‌വത്തു തബൂക്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്1996)

നബി(സ)തിരുമേനി ഹുദയ്ബിയ്യ സന്ധിക്കു ശേഷം ഏറ്റവും ആദ്യത്തെ തബ്‌ലീഗ് കത്തെഴുതിയത് റോമാ ചക്രവർത്തിക്കായിരുന്നു. അതെഴുതി അക്കാലത്തെ ബസ്റയുടെ ഗവർണറായ ഹാരിഥ് ബിൻ അബൂശമർ –അദ്ദേഹം ക്രിസ്ത്യാനിയായിരുന്നു–ഗസ്സാനിയ്ക്ക് അയച്ചുകൊടുത്തു. അങ്ങനെ അദ്ദേഹത്തിന് നബി(സ)തിരുമേനിയുടെ സന്ദേശം കിട്ടിയപ്പോൾ അദ്ദേഹം എതിർപ് പ്രകടിപ്പിച്ചു. മദീനയെ ആക്രമിക്കുമെന്ന് ഭീഷണിപ്പെടുത്തി. ഇക്കാരണത്താൽ മദീനയിലെ ആളുകൾ ഏതെങ്കിലും നേരത്ത് അവർ മദീനയുടെമേൽ ആക്രമണം നടത്തുമെന്ന് പ്രതീക്ഷിച്ചിരുന്നു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ), പേജ് 802)(സ്വഹീഹുൽ ബുഖാരി, കിതാബുന്നിക്കാഹ്, ഹദീഥ് 4913)

തബൂക് യുദ്ധത്തിന്റെ തയ്യാറെടുപ്പിന് കാരണമായത്, സിറിയയിലെ നിബ്തി ഗോത്രത്തിലെ ആളുകൾ എണ്ണക്കച്ചവടത്തിനായി മദീനയിലേക്ക് വരാറുണ്ടായിരുന്നു. അവരിലൂടെ റോമിലെ ഖയ്സ്വറുടെ ഒരു സേന, ഖയ്സ്വറോടൊപ്പം സിറിയയിൽ സംഘടിച്ചിരിക്കുന്നുവെന്ന ഒരു വാർത്ത നബി(സ)തിരുമേനി അറിഞ്ഞു. മറ്റൊരു നിവേദനമനുസരിച്ച് ഇയാൾ നുബുവ്വത്ത് വാദിയാണെന്നും നശിച്ചുപോയെന്നും അറേബ്യയിലെ ക്രിസ്ത്യാനികൾ ഖയ്സ്വർക്കെഴുതി. (നഊദുബില്ലാഹ്). അപ്പോൾ മുസ്‌ലിമീങ്ങളെ വരൾച്ച ബാധിച്ചു. അതിന്റെ ഫലമായി അവരുടെ മൃഗങ്ങൾ നാശമടഞ്ഞു. ഇതറിഞ്ഞ ഖയ്സ്വർ പ്രഗത്ഭനായൊരു പട്ടാള മേധാവിയുടെ നേതൃത്വത്തിൽ പല ഗോത്രങ്ങളിലെ നാല്പതിനായിരം പട്ടാളക്കാർ അടങ്ങുന്ന ശക്തമായ സൈന്യം തയ്യാറാക്കി. അവർ ബൾഖാ(അത് ശാമിലെ ഒരു പട്ടണമാണ്)എന്ന സ്ഥലത്ത് സംഘടിച്ചു. ഈ വാർത്തയിൽ ഒരു തരത്തിലുള്ള സത്യസന്ധതയും ഉണ്ടായിരുന്നില്ല. പക്ഷേ, ഈ വാർത്തയാണ് യുദ്ധത്തിനു കാരണമായി ത്തീർന്നത്. നബി(സ)തിരുമേനിക്ക് ഈ വിവരം ലഭിച്ചപ്പോൾ അവരെ നേരിടാൻ ആളുകൾക്ക് ശക്തിയുണ്ടായിരുന്നില്ല. എങ്കിലും നബി(സ) തിരുമേനി യുദ്ധത്തിന് പുറപ്പെടാൻ വിളംബരം ചെയ്തു. അവർ തയ്യാറെടുപ്പ് നടത്തുന്നതിന് യാത്ര ചെയ്യേണ്ട സ്ഥലത്തെ കുറിച്ച് അവരോടു പറയുകയും ചെയ്തു. ഇത് ശറഹ് അൽഅല്ലാമാ അസ്സുർഖാനിയിൽ എഴുതിയിരിക്കുന്നു. (ശറഹ് അൽഅല്ലാമാ അസ്സുർഖാനി അലൽ മവാഹിബില്ലദുന്നിയ്യ വാള്യം 4, പേജ് 67–68, ഥുമ്മ ഗസ്‌വത്തു തബൂക്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്1996)(ലുഗാത്തുൽ ഹദീഥ് വാള്യം 1,പേജ് 174)

സ്വഹാബാക്കളുടെ ത്യാഗവും കപടവിശ്വാസികളുടെ തന്ത്രങ്ങളും അതിൽ പ്രകടമായി. നബി(സ)തിരുമേനി ഈ യുദ്ധത്തിന് തയ്യാറാകാൻ വിളംബരം ചെയ്തു. അപ്പോൾ മദീനയിൽ ഒരു കോലാഹലം തുടങ്ങി. കഴിവുള്ള സ്വഹാബാക്കൾ അവരുടെ കഴിവിന്റെ പരമാവധി ത്യാഗങ്ങൾ ചെയ്തുകൊണ്ടിരുന്നു. നിർബന്ധിതരായവരുടെ ആവേശവും വികാരവും എത്രമാത്രം ഉയർന്നതായിരുന്നുവെന്നാൽ നൂറുകണക്കിന് മൈൽ നടന്നുപോകാൻ തല്പരരാകുകയും അവർ തയ്യാറാകുകയും ചെയ്തു. ഈ യുദ്ധ നടപടിയിൽ സാധനസാമഗ്രികൾ സമർപിക്കുന്നതിനുവേണ്ടി ചിലർ വീട്ടിലേക്കോടുകയായിരുന്നു. ചിലർ അവരുടെ സമ്പത്തുകൾ സ്വരുക്കൂട്ടുകയായിരുന്നു. തങ്ങളുടെ യജമാനരുടെ സന്നിധയിൽ ഏറ്റവും കൂടുതൽ സമർപിക്കുന്നതിനുവേണ്ടി ശ്രമിക്കുകയായിരുന്നു. വീട്ടിൽനിന്ന് എന്തെങ്കിലും കിട്ടിയാൽ യുദ്ധത്തിൽ പങ്കെടുക്കാം എന്ന നിലയിൽ ചിലർ വീട്ടിൽ തിരച്ചിൽ നടത്തി. നടന്നുപോകാനും ആളുകൾ തയ്യാറായിരുന്നു. എന്നല്ല ചിലരുടെ കൈയിൽ ചെരുപ്പും ഉണ്ടായിരുന്നില്ല. അത്തരക്കാർ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. തങ്ങൾക്ക് ചെരുപ്പ് കിട്ടിയിരുന്നെങ്കിൽ നടന്നുവരാൻ തയ്യാറാണെന്ന് അവർ നബി(സ) തിരുമേനിയോടു പറഞ്ഞു. തങ്ങൾ നഗ്നപാദരാണെങ്കിൽ നടക്കാൻ കഴിയുകയില്ല, കാലു പൊട്ടുന്നതാണ്. തങ്ങൾക്കെത്താൻ കഴിയുക യില്ല. അപ്പോൾ അവർക്കു അതും സംഘടിപ്പിച്ച് നല്കാൻ പറ്റാത്ത അവസ്ഥയായിരുന്നു. എന്തായാലും ഓരോരുത്തരും അവരവരുടെ സ്ഥാനത്ത് തങ്ങളുടെ ജീവൻ ബലിയർപിക്കാൻ തയ്യാറായിരുന്നു. തന്റെ വീട്ടിൽ ധാരാളം സമ്പത്തുണ്ടെന്ന് ഹദ്റത്ത് ഉമർ(റ) കരുതി. അബൂബക്കറിനെ കവച്ചുവെക്കാൻ പറ്റിയ അവസരമാണിതെന്ന് അദ്ദേഹം മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹം തന്റെ പകുതി സമ്പത്ത് നബി(സ)തിരുമേനിയുടെ സന്നിധിയിൽ സമർപിച്ചു. താങ്കളുടെ വീട്ടുകാർക്കുവേണ്ടി വീട്ടിൽ എന്തുവെച്ചിട്ടാണ് വന്നതെന്ന് നബി(സ)തിരുമേനി ചോദിച്ചു. 'പകുതി സമ്പത്ത് കൊണ്ടുവന്നിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.' ഹദ്റത്ത് അബൂബക്കർ(റ) മുഴുവൻ സമ്പത്തും നബി(സ)തിരുമേനിയിൽ സന്നിധിയിൽ സമർപിച്ചു. താങ്കളുടെ വീട്ടുകാർക്കു വേണ്ടി എന്തുവിട്ടിട്ടാണ് വന്നിട്ടുള്ളതെന്ന് നബി(സ)തിരുമേനി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:'വീട്ടുകാർക്കുവേണ്ടി അല്ലാഹുവിനേയും അവന്റെ റസൂലിനേയും വിട്ടിട്ടാണ് വന്നിട്ടുള്ളത്.' ഹദ്റത്ത് ഉമർ(റ) ആ നേരത്ത് ഹദ്റത്ത് അബൂബക്കർ(റ)നോടു അസൂയപ്പെട്ടുകൊണ്ട് പറഞ്ഞു, 'അല്ലാഹുവാണ! ഒരു കാര്യത്തിലും ഒരിക്കലും എനിക്ക് ഹദ്റത്ത് അബൂബക്കറിനെ


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 16 January 2020 Issue-3

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

കവച്ചുവെക്കാൻ സാധിക്കുകയില്ല.'(സുനനുത്തിർമുദി കിതാബുൽ മനാഖിബ്, ഹദീഥ് 3675)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഈ സംഭവം ചർച്ച ചെയ്തിട്ടുണ്ട്. അവിടന്ന് പറയുന്നു: 'ഒരിക്കൽ നമ്മുടെ നബി(സ) തിരുമേനി പണത്തിന്റെ ആവശ്യമുണ്ടെന്ന് പറഞ്ഞു. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) തന്റെ വീട്ടിലെ എല്ലാ സാധനങ്ങളും എടുത്തുകൊണ്ടുവന്നു. അവിടന്ന് ചോദിച്ചു. അബൂബക്കറേ! വീട്ടിൽ എന്തുവെച്ചിട്ടാണ് വന്നത്? മറുപടിയിൽ പറഞ്ഞു: അല്ലാഹുവിനേയും അവന്റെ റസൂലിനേയും. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നാമം ഉപേക്ഷിച്ചുവന്നിരിക്കുന്നു. ഹദ്റത്ത് ഉമർ (റ) പകുതി കൊണ്ടുവന്നു. ഉമറേ! വീട്ടിൽ എന്തുവെച്ചിട്ടാണ് വന്നതെന്ന് അവിടന്ന് ചോദിച്ചു. പറഞ്ഞു. പകുതി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു. അബൂബക്കറും, ഉമറും തമ്മിലുള്ള വ്യത്യാസം അവരുടെ സ്ഥാനങ്ങളിലുള്ള വ്യത്യാസമാണ്.' (മൽഫൂദാത്ത്, വാല്യം 2, പേജ് 95)

ഹദ്റത്ത് അബൂബക്കർ തബൂക്ക് യുദ്ധത്തിന്റെ അവസരത്തിൽ തന്റെ മുഴുവൻ ധനവും നബി(സ) തിരുമേനിയുടെ സന്നിധിയിൽ സമർപ്പിച്ചു. അദ്ദേഹത്തിന്റെ സ്വത്ത് ആ അവസരത്തിൽ 4000 ദിർഹം ആയിരുന്നു. (ശറഹ് അൽഅല്ലാമാ അസ്സുർഖാനി അലൽ മവാഹിബില്ലദുന്നിയ, വാല്യം 4, പേജ് 69, ഥുമ്മ ഗസ്‌വത്തു തബൂക്, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1996)

ഹദ്റത്ത് ഉഥ്മാനും ഒട്ടകങ്ങളേയും കുതിരകളേയും പണവും ത്യാഗം ചെയ്തിരുന്നു. ആ ത്യാഗം കാരണത്താൽ നബി(സ) തിരുമേനി മിമ്പറിൽനിന്നുകൊണ്ട് പറഞ്ഞിരുന്നു: 'ഈ കർമത്തിനുശേഷം ഇനി ഉഥ്മാന്റെ ഒരു കർമത്തേയും കുറിച്ച് ചോദ്യം ചെയ്യുകയില്ല.' മറ്റൊരു നിവേദനമനുസരിച്ച് നബി(സ) തിരുമേനി പറഞ്ഞു: 'ഇന്നത്തെ ദിവസത്തിനുശേഷം ഉഥ്മാൻ ഏതൊരു കർമം ചെയ്യുന്നുവോ അത് അദ്ദേഹത്തിന് ഉപദ്രവം ഉണ്ടാക്കുകയില്ല. ഈ കാര്യം അവിടന്ന് രണ്ടുപ്രാവശ്യം പറഞ്ഞു.' (സുനനുത്തിർമുദി, കിതാബുൽ മനായിസ്, ഹദീഥ് 3700–3701 (ശറഹ് അൽഅല്ലാമാ അസ്സുർഖാനി അലൽമവാഹിബില്ലദുന്നിയ്യ, വാല്യം 4, പേജ് 68–69, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഹദ്റത്ത് അബു അഖീൽ ഒരു സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പക്കൽ യുദ്ധത്തിന് സഹായം നല്കാൻ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. എന്നാൽ, അദ്ദേഹം അതിന് ഒരു മാർഗം കണ്ടെത്തി. ഒരു സ്ഥലത്ത് രാത്രി കൂലി നിശ്ചയിച്ച് കൃഷിയിടത്തിൽ വെള്ളം കോരുന്ന ജോലി അദ്ദേഹം ഒരാളിൽനിന്ന് ഏറ്റെടുത്തു. രാത്രി മുഴുവൻ കയർ വലിച്ച് വലിച്ച് കിണറിൽനിന്ന് വെള്ളം കോരി, കൃഷിയിടം നനച്ചുകൊണ്ടിരുന്നു. അതിന്റെ കൂലിയായി അദ്ദേഹത്തിന് രണ്ട് സ്വാഅ് അതായത് നാലോ അഞ്ചോ കിലോ ഈന്തപ്പഴം ലഭിച്ചു. അദ്ദേഹം അതിൽനിന്ന് പകുതി തന്റെ ഭാര്യക്കും കുട്ടികൾക്കും നല്കി. ബാക്കി പകുതിയുമായി അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നതിന് നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് തദവസരത്തിൽ തന്റെ പകുതി സ്വത്ത് നബി(സ) തിരുമേനിയുടെ സന്നിധിയിൽ സമർപ്പിച്ചു. അതിന്റെ മൂല്യം നാലായിരത്തി നാന്നൂറ് ദിർഹം ആയിരുന്നു. ഹദ്റത്ത് ആസിം ബിൻ അദിയ്യ് നൂറ് വസഖ് (ഒരു വസഖ് 60 സ്വാഅ് ആണ്. ഒരു സ്വാഅ് രണ്ടര കിലോയാണ്. രണ്ടര സേറിന് കുറച്ച് കുറവ്)ഈന്തപ്പഴം സമർപ്പിച്ചു. ഇത് മറ്റുള്ളവരെ കാണിക്കാൻവേണ്ടി ചെയ്തതാണെന്ന് പറഞ്ഞ് കപടവിശ്വാസികൾ ആക്ഷേപിച്ചു. അപ്പോൾ അല്ലാഹു അതു സംബന്ധമായി ഈ ആയത്ത് അവതരിപ്പിച്ചു. ഇതു സംബന്ധമായി ഇതുംകൂടെ പറയട്ടെ. ഹദ്റത്ത് ആസിം സമർപ്പിച്ച ഈ ഈത്തപ്പഴം ഏകദേശം14000 കിലോ അല്ലെങ്കിൽ 14 ടൺ ഉണ്ട്. അതുകണ്ടാണ് കപടവിശ്വാസികൾ പറഞ്ഞത് ഇത് പ്രദർശനപരതയാണെന്ന്. ഇവിടെ ഇതുകൂടെ വ്യക്തമാക്കട്ടെ കഴിഞ്ഞ ഖുത്ബയിൽ ഞാൻ അബദ്ധവശാലുള്ള കണക്കു കൂട്ടലിൽ 600 കിലോ ഈത്തപ്പഴം എന്നു പറഞ്ഞിരുന്നു. അത് 600 അല്ല 6000 കിലോ ആയിരുന്നു. എന്തായാലും കപടവിശ്വാസികൾ പ്രദർശന പരതയാണെന്ന് പറഞ്ഞ് ഈ ആക്ഷേപം ഉന്നയിച്ചപ്പോൾ അല്ലാഹു സൂറ തൗബയിൽ ഈ ആയതിറക്കി: *അല്ലദീന യൽമിസൂനൽ മുത്ത്വവ്വിയീന മിനൽ മുഅ്മിനീന ഫിസ്സ്വദഖാത്തി വല്ലദീന ലാ യജിദൂന ഇല്ലാ ജുഹ്ദഹും ഫയസ്ഖറൂന മിൻഹും സഖിറല്ലാഹു മിൻഹും വലഹും അദാബുൻ അലീം*(9:79)

വിശ്വാസികളിൽ ഹൃദയാത്മനാ നന്മ ചെയ്യുന്നവർക്കുമേൽ ദാനധർമങ്ങളെ സംബന്ധിച്ചും തങ്ങളുടെ സമ്പാദ്യമല്ലാതെ മറ്റൊന്നും (തങ്ങളുടെ പക്കൽ) ഇല്ലാത്തവരെ സംബന്ധിച്ചും അവർ ദുരോരോപണം ഉന്നയിക്കുന്നു. അങ്ങനെ അവർ ഇവരെ പരിഹസിക്കുകയാണ്. അല്ലാഹു പരിഹസിക്കുന്നവർക്ക് മറുപടി നല്കുന്നതാണ്. അവർക്കാകട്ടെ, വേദനാജനകമയ ശിക്ഷ (വിധിക്കപ്പെട്ടിട്ട്) ഉണ്ട്. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം 6, പേജ് 215, അബൂ അഖീൽ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ)(ലുഗാത്തുൽഹദീഥ്, വാല്യം 4, പേജ് 487, 'വസഖ്'ലുഗാത്തുൽഹദീഥ്, വാല്യം 2, പേജ് 648 'സ്വാഅ്')

ഇത് അത്തരം ആക്ഷേപങ്ങൾ ഉന്നയിക്കുന്ന ആ കപടവിശ്വാസികൾക്കുള്ളതാണ്. എന്തായാലും ഇത് ഹദ്റത്ത് ഹിലാൽ ബിൻ ഉമയ്യായെ സംബന്ധിച്ച് ഇക്കാര്യം വന്നിരിക്കുന്നു. വിവരിക്കപ്പെട്ടിരിക്കുന്നു. ഇനിയും ഹദ്റത്ത് ഹിലാൽബിൻ ഉമയ്യായെ കുറിച്ച് കുറച്ചു കാര്യം പറയാൻ ബാക്കിയുണ്ട്. അത് ഇൻശാഅല്ലാഹ് പിന്നീട് പറയുന്നതായിരിക്കും.

ഇപ്പോൾ ഒരു വിളംബരം അറിയിക്കുകയാണ്. ശൂഅ്ബ വഖ്ഫെ നൗ അവരുടെ ഒരു വെബ്സൈറ്റ് ഉണ്ടാക്കിയിരിക്കുന്നു. അത് waqfenauintl.org എന്ന പേരിലാണ്. അത് ഇൻശാഅല്ലാഹ് ഇന്ന് മുതൽ തുടങ്ങുന്നതായിരിക്കും. ഈ വെബ്സൈറ്റിൽ മാതാപിതാക്കൾ തങ്ങൾക്കുണ്ടാകാൻപോകുന്ന കുട്ടികളെ വഖ്ഫെ നൗഇൽ ചേർക്കാൻ എഴുതിയ കത്തുകളെ സംബന്ധിച്ചും അതിന്റെ മറുപടികളെ സംബന്ധിച്ചും വകുപ്പിൽനിന്ന് നേരിട്ട് ബന്ധംവച്ച് മാർഗദർശനം എടുക്കാവുന്നതാണ്. പിന്നീട് വാഖ്ഫീനെ വഖ്ഫെ നൗഇന്റെ തഅ്ലീമിനും തർബിയ്യത്തിനുംവേണ്ടി എന്റെ മാർഗനിർദേശങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും എടുക്കാവുന്നതാണ്. ഈ സൈറ്റിൽ ജമാഅത്തിന്റെ ഖലീഫമാരുടെ ഖുത്ബകളും പ്രഭാഷണങ്ങളും വാഖ്ഫീനെ നൗഇന്റെ സിലബസും ആൺകുട്ടികളുടെ 'ഇസ്മായീലും' പെൺകുട്ടികളുടെ 'മർയമും'അവരുടെ മാഗസീന്റെ ലക്കങ്ങളിൽ നോക്കാവുന്നതാണ്. വാഖ്ഫീനെ നൗഇന് ഇതിൽ കാര്യർ പ്ലാനിംഗിന്റെ മാർഗദർശനവും ലഭിക്കുന്നതായിരിക്കും. വെബ്സൈറ്റിൽ തജ്ദീദെ വഖ്ഫും വഖ്ഫെ നൗ വകുപ്പുമായുള്ള നിങ്ങളുടെ ബന്ധത്തെ നിലനിറുത്താനും അപ്ഡേറ്റ് ചെയ്യാനുള്ള സൗകര്യവുമുണ്ട്. വാഖ്ഫീനെ നൗഇന് ജമാഅത്തിന്റെ ആവശ്യങ്ങൾ ഉദ്ധരിച്ച് വിവരങ്ങളും ലഭിക്കുന്നതായിരിക്കും. ജമാഅത്തിനെ നല്ല നിലയിൽ സേവിക്കാൻ എങ്ങനെയുള്ള വിദ്യാഭ്യാസമാണ് നേടേണ്ടത് തുടങ്ങിയവ. പിന്നീട് സെക്രട്ടറി വഖ്ഫെനൗമാരുടേയും സംഘാടകരുടേയും മർഗദർശനത്തിനുള്ള വിവരങ്ങളും റിപ്പോർട്ട് ഫാറവും അതിലുണ്ടാകും. എന്റെ ക്ലാസുകളിലും മറ്റും വിവിധ സന്ദർഭങ്ങളിൽ വഖ്ഫെനൗ കുട്ടികൾ ചോദിച്ച ചോദ്യങ്ങളും അവയുടെ വീഡിയോ ക്ലിപ്സും ഉണ്ട്. തഹ്രീക്കെ വഖ്ഫെ നൗഇനെ കുറിച്ചുള്ള പരിചയപ്പെടുത്തലും വഖ്ഫെ നൗ വകുപ്പുമായി സ്ഥിരമായി ബന്ധപ്പെട്ടിരിക്കുന്നതിനുള്ള വിവരങ്ങളുമുണ്ട്. വിവിധ രാജ്യങ്ങളിൽ നടക്കുന്ന വഖ്ഫെനൗ കുട്ടികളുടെ പരിപാടികളുടെ റിപ്പോർട്ടും ചിത്രങ്ങളും അതിൽ ലഭ്യമായിരിക്കും. എന്തായാലും ഈ വെബ്സൈറ്റ് ഇന്നുമുതൽ തുടങ്ങുന്നതായിരിക്കും. ഇൻശാഅല്ലാഹ്. വഖ്ഫെ നൗ കുട്ടികളും അവരുടെ മാതാപിതാക്കളും ഇതിൽനിന്ന് തീർച്ചയായും പ്രയോജനം എടുക്കേണ്ടതാണ്.

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെറിപ്പോർട്ടുംഅയക്കാവുന്നതാണ്.ഭാവിയിൽഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

മുഹമ്മദു ഇസ്മായീൽ ആലപ്പുഴ, 'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,
അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303. ismayeel.ha@gmail.com

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin